
# കെയ്റോസ്

2013 JUNE | Vol.12 | Issue 6 | ₹15





# അഴിമതിയില്ലാത്ത നാട്

അഴിമതിയെക്കുറിച്ചുള്ള വാർത്തകളാണിന്ന് മാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുന്നത്. ആദരിക്കപ്പെടുകയും ആരാധിക്കപ്പെടുകയും ചെയ്തിരുന്ന പല വിഗ്രഹങ്ങളും തകർന്നടിയുകയാണ്. പ്രതീക്ഷയോടെ നോക്കിക്കൊണ്ടിരുന്ന പ്രകാശഗോപുരങ്ങൾ ഇല്ലാതാകുമ്പോൾ സമൂഹത്തിലാകെ പടരുന്നത് നിരാശയും, അതിൽനിന്നുളവാകുന്ന നിസ്സംഗതയുമാണ്.

സത്യസന്ധതയ്ക്കും, ആദർശാത്മകമായ ജീവിതത്തിനും സമൂഹത്തിലിന്ന് തീരെ വിലയില്ല. പണക്കാരനെയും അധികാരമുള്ളവനെയും മാത്രം ബഹുമാനിക്കുന്നതാണ് പൊതുവായ രീതി. പണമുണ്ടാക്കാത്ത രാഷ്ട്രീയക്കാരനെ സാധാരണക്കാർക്ക് പോലും പുച്ഛം. 'പണത്തിനുമീതെ (അധികാരത്തിനും) പരുന്തും പറക്കില്ല' എന്നത് പഴമൊഴി മാത്രമല്ലാതായിരിക്കുന്നു. എങ്ങനെയും ഇവ രണ്ടും നേടിയാൽ ബാക്കിയെല്ലാം താനെ വന്നുകൊള്ളുമത്രേ.

അഴിമതി ഉന്നതതലങ്ങളിൽ അധികാരത്തിലിരിക്കുന്നവരുടെയും, രാഷ്ട്രീയക്കാരുടെയും മാത്രം കാര്യമല്ല എന്നതല്ലേ യാഥാർഥ്യം. പരീക്ഷയ്ക്കു കോപ്പിയടിക്കുന്നതും, ജോലിസ്ഥലത്ത് താമസിച്ചെത്തുന്നതും, നേരത്തെ പോകുന്നതും നിയമാനുസൃതമല്ലാത്ത രീതിയിൽ നികുതി കൊടുക്കാതിരിക്കുന്നതും എല്ലാം അഴിമതിയുടെ സാധാരണക്കാരുടെ തലത്തിലുള്ള മാർങ്ങളല്ലേ? 'ഒരു ജോലി കിട്ടിയിട്ട് വേണം ലീവെടുക്കാൻ...' എന്നതിന്റെ പിന്നിലെ ചിന്തയും നന്മയെ പ്രോത്സാഹിപ്പിക്കുന്നതല്ല. അഴിമതിയും അനീതിയും ഇല്ലാതാകണമെന്നതല്ല വൻകിടക്കാരുടെയത്രയും തങ്ങൾക്ക് പറ്റുന്നില്ലല്ലോ എന്നുള്ളതാണ് പലരുടെയും പ്രശ്നം.

വ്യക്തിപരമായ തലത്തിൽ നിസ്വാർഥരും, സത്യസന്ധരുമായ വ്യക്തികൾ സ്ഥാപനങ്ങളുടെ നടത്തിപ്പുകാരാകുമ്പോൾ (നിവൃത്തികേടുകൊണ്ടുകൂടിയാവും, സ്ഥാപനങ്ങളും, പ്രസ്ഥാനങ്ങളും കൊണ്ടുനടക്കുക ബുദ്ധിമുട്ട് തന്നെ...) പണം ഉണ്ടാക്കാനും, സ്ഥാപനം വളർത്താനും, അനധികൃതവും അസത്യം നിറഞ്ഞതുമായ പ്രവൃത്തികളിൽ ഏർപ്പെടുന്നുണ്ട്. കുറഞ്ഞ ശമ്പളം നൽകുക, നിയമനങ്ങൾക്ക് പണം വാങ്ങുക, തെറ്റായ കണക്കുകൾ തയാറാക്കുക എന്നിങ്ങനെ വിവിധ രീതികൾ, ഞാനൊന്നും സ്വന്തമായി എടുക്കുന്നില്ലല്ലോ, സ്ഥാപനത്തിനുവേണ്ടിയല്ലേ എന്നതാണവരുടെ ന്യായീകരണം.

തെരഞ്ഞെടുപ്പും, ജനാധിപത്യസംവിധാനങ്ങളും നല്ലതാണെങ്കിലും അഴിമതിക്കു കാരണമാകുന്നുണ്ട്. കരാറുകൾ തീരുമാനിക്കാനുള്ള ടെൻഡർ സംവിധാനവും അഴിമതി വളർത്താം.

അത്യന്തം സങ്കീർണമായ ഇന്നത്തെ സാമൂഹ്യസാഹചര്യങ്ങളിൽ ഈ പ്രശ്നങ്ങൾക്കൊക്കെ ഒരു പരിഹാരം സാധ്യമാണോ?

- പിന്നിൽ നിൽക്കുന്നവരെയും ഇല്ലാത്തവരെയും വളർത്താനുള്ള ശ്രമങ്ങൾക്കൊപ്പം ഉള്ളതുകൊണ്ട് തൃപ്തിപ്പെടാനുള്ള മനസ്സുണ്ടാക്കാനും ശ്രമിക്കണം.
- സത്യസന്ധത തുടങ്ങിയ മൂല്യങ്ങളിൽ അധിഷ്ഠിതമായ ജീവിതത്തിലേക്കുള്ള തിരിച്ചുപോക്ക് അനിവാര്യം.
- നിയമം മാത്രം പോരാ മനസ്സു മാറുകയും വേണം
- സുവിശേഷമൂല്യങ്ങളാകണം സമൂഹത്തെ നയിക്കേണ്ടത്.

ഈശോ പറഞ്ഞു: 'നിയമം ഇല്ലാതാക്കാനല്ല, അത് പൂർത്തീകരിക്കാനാണ് ഞാൻ വന്നിരിക്കുന്നത്'

പുതിയ ആകാശത്തിനും ഭൂമിക്കുമായി നമുക്ക് പ്രാർഥിക്കാം, പ്രവർത്തിക്കാം, കാത്തിരിക്കാം.

*സ്നേഹപൂർവം,* ***ചാക്കോച്ചൻ ഞാവള്ളിൽ***

*kairosmag@gmail.com*

Kairos Magazine | June 2013 | Vol.12 | Issue 6 | www.kairos.jesusyouth.org | facebook.com/Readkairos

വിലാസം: കെയ്റോസ്, എമ്മാവൂസ്, എച്ച്.എം.ടി. കോളനി പി.ഒ. പിൻ–683 503. ഫോൺ: 0484 – 2558825
ഇമെയിൽ: kairosmag@gmail.com

കെയ്റോസ് മാസിക വാർഷിക വരിസംഖ്യ: ₹ **180** | അഞ്ചു വർഷത്തേക്ക് ₹ **800** | വിദേശത്തേക്ക് ₹ **1500** (ഒരു വർഷത്തേക്ക്)

സ്പിരിച്വൽ ഡയറക്ടർ **ഫാ. ഷിബു ഒ.സി.ഡി (KYCT Animator)** 9895840991, പ്രിന്റർ ആൻറ് പബ്ലിഷർ **റെജി കരോട്ട്** 9447394142, എക്സിക്യൂട്ടീവ് മാനേജർ **ജോബി തോമസ് (KYCT Co-ordinator)** 9995213936

ചീഫ് എഡിറ്റർ **ഡോ. ചാക്കോച്ചൻ ഞാവള്ളിൽ** 9447572513, അസോസിയേറ്റ് എഡിറ്റർ **സണ്ണി കോക്കാപ്പിള്ളിൽ** 9446890744

എഡിറ്റോറിയൽ ബോർഡ് **ഫാ. ജോഷി മാക്കീൽ** 9895942870, **റെന്നി ഞാറക്കുളം** 9447459474, **ബാബു തുണ്ടത്തിൽ** 9446256120, **അഡ്വ. കെ.ജെ. ജോൺസൺ** 9447245745, **ഡോ. കൊച്ചുറാണി ജോസഫ്** 9447155736, **ഡോ. സൂസി ജോസ്** 9446224723, **ടിറ്റോ മാത്യു** 9605360572, **അഞ്ജു റോസ്** 8086380461, **അരുൺ ആന്റണി** 9447378547, **ജോബി തോമസ് കട്ടപ്പന** 9400472357, **ഷാലു തോമസ്** 9677103641, **ഷാജി ജോസഫ്** 9895405631, **രാജേഷ് മത്തായി** 9447576650, **നൈസിൽ രാജേഷ്** 9446123934, **അനിഷ വി.ജെ** 9747266752, **സന്തോഷ് ഡോമിനിക്ക്** 9895849707, **സിൻജോ പി.കെ** 9895711787, **ജെയിംസ് ആഴ്ചങ്ങാടൻ** 9846142576, **ജോസി ആലഞ്ചേരി** 9249902760, **ഷാജി ലുയീസ്** 9895763292, **ജോസ് കുര്യൻ** 9447128457

സർക്കുലേഷൻ/മാനേജർ **ജോജി ബാബു മമ്പള്ളിൽ** 9447742672, ഫിനാൻസ് മാനേജർ **ടോമി തോട്ടുങ്കൽ** 94479 26098

ഡിസൈൻ **ഷാജി ജോസഫ് അറക്കൽ** 9895405631

കത്തുകൾ

# നമുക്ക് ലാളിത്യം എവിടെ?

ഫ്രാൻസിസ് അസ്സീസിയെപ്പറ്റിയുള്ള കവർ സ്റ്റോറി വായിച്ചപ്പോൾ തോന്നിയചില ചിന്തകൾ പങ്കുവയ്ക്കാനാണ് ഈ കുറിപ്പ്. ലാളിത്യം എന്നതിന്റെ മനോഹാരിത നമ്മൾ ഇനിയും തിരിച്ചറിയേണ്ടിയിരിക്കുന്നു. ക്രിസ്തുവും ഫ്രാൻസിസുമെല്ലാം ലാളിത്യം ആസ്വദിച്ചവരും ആഘോഷിച്ചവരുമാണ്. എന്നിട്ട് അവരുടെ പിൻഗാമികളാണെന്ന് കൂടെക്കൂടെ പറയുന്ന നമ്മളുടെ ജീവിതം അത്ര ലളിതമാണോ? കേരളത്തിലെ ചില പള്ളികളും ക്രിസ്ത്യൻ ഭവനങ്ങളുമൊക്കെ കാണുമ്പോൾ സത്യത്തിൽ വിഷമമാണു തോന്നുന്നത്. പള്ളിക്കുചുറ്റും തേയ്ക്കാത്ത ഭിത്തികളും ചോരുന്ന മേൽക്കൂരയുമുള്ള വീടുകളിൽ ക്രിസ്തുവിന്റെ ചെറിയവർ ജീവിതവുമായി മല്ലിടുമ്പോൾ ധാരാളം പണംമുടക്കി പള്ളി പണിയുന്നതിനെ ആഢംബരമെന്നല്ല, പാപമെന്നാണ് വിളിക്കേണ്ടത്. ഇപ്പോൾ പണിയാൻ ഉദ്ദേശിക്കുന്ന പല പള്ളികളുടെയും എസ്റ്റിമേറ്റ് കേട്ടിട്ട് ബോധം പോകാതിരിക്കുന്നത് ദൈവകൃപയാൽമാത്രം. ഉത്തരവാദിത്തപ്പെട്ടവർ ഇതൊന്നും ചിന്തിക്കാഞ്ഞിട്ടല്ല. ഉറങ്ങുന്നവരെ ഉണർത്താം, ഉറക്കം നടിച്ചിരിക്കുന്നവരോട് പറഞ്ഞിട്ട് എന്തുകാര്യം? അതുപോലെ തന്നെയാണ് വീടുകളും. നമ്മുടെ വീടുകൾ കാണുമ്പോൾ മറ്റുള്ളവർ അത്ഭുതപ്പെടണമെന്ന വാശി എന്തിനാണ്? ഏറ്റവും വലിയ തമാശ അവയിൽ പല വീടുകളും പൂട്ടിയിട്ടിരിക്കുകയാണെന്നതും താമസിക്കാൻ ഒന്നോ രണ്ടോ പേരേ ഉള്ളൂ എന്നതുമാണ്. എങ്കിലും ഉയരട്ടെ കാഴ്ച ബംഗ്ളാവു പോലെ ഒന്ന്. അല്ലെങ്കിൽ ഈ പണമെല്ലാം എന്തുചെയ്യും?

*ബിജു ജോസ് എറണാകുളം*



## വഴിയും വിളിയും

ജേക്കബ് കോച്ചേരി



# ഒരു പൂക്കാലത്തിന്റെ ഓർമയ്ക്ക്

ഇക്കഴിഞ്ഞ S.S.L.C. പരീക്ഷയുടെ റിസൽട്ട് വന്ന ഉടനെതന്നെ സോഫി ടീച്ചറിന് കിരണിന്റെ ഫോൺ വന്നു. "ടീച്ചർ, എനിക്ക് എല്ലാവിഷയത്തിനും A+. ടീച്ചർ, ഞാൻ ഒട്ടും പ്രതീക്ഷിച്ചിരുന്നില്ല. പക്ഷേ..." അവന് വാക്കുകൾ മുഴുമിപ്പിക്കുവാൻ കഴിഞ്ഞില്ല. കരയുകയായിരുന്നു ആ കുട്ടി. അൽപസമയം കഴിഞ്ഞ് അവൻ വീണ്ടും വിളിച്ചു. "എനിക്ക് ഫുൾ എ പ്ലസിനു കിട്ടുന്ന സമ്മാനങ്ങളെല്ലാം ഞാൻ ടീച്ചറിന് സമർപ്പിക്കും" ഹൃദയം നിറയെ സന്തോഷം കൊണ്ട് ജ്വലിച്ചുനിൽക്കുന്ന കിരണിനോട് താനെന്തുപറഞ്ഞാലും അധികപ്പറ്റാകുമെന്ന് ടീച്ചറിന് തോന്നി. സഹാധ്യാപകർ പലപ്പോഴായി കിരണിന്റെ വിജയം ആഘോഷിക്കാൻ ടീച്ചറിനെ വിളിച്ചുകൊണ്ടിരുന്നു...

തീവ്രമദ്യപാനത്തിനടിമയായിരുന്നു കിരണിന്റെ അച്ഛൻ. വീട്ടിൽ നിരന്തര കലഹത്തിലുപരി പഠിക്കാനുള്ള ഒരു സൗകര്യവും ഉണ്ടായിരുന്നില്ല. അർധവാർഷികപ്പരീക്ഷ കഴിഞ്ഞ് കണ്ണീരോടെ കിരൺ പറഞ്ഞു: "ഇല്ല ടീച്ചറെ S.S.L.C. പരീക്ഷയെഴുതാൻ എനിക്കാവില്ല. എഴുതിയാൽത്തന്നെ കഷ്ടിച്ച് ജയിച്ചെങ്കിലായി" ഒരു മദ്യപന്റെ കുഞ്ഞിന്റെ എല്ലാ ദൈന്യതയും ആ കുഞ്ഞിൽ ടീച്ചർ കണ്ടു.

സോഫിടീച്ചർ കിരണിന്റെ അച്ഛനെത്തേടി അയാളുടെ പണിസ്ഥലത്തെത്തി. ആദ്യമൊക്കെ പണിത്തിരക്ക് കാണിച്ചുവെങ്കിലും കിരൺ എന്ന വിദ്യാർഥിയുടെ പഠനസാമർഥ്യത്തെക്കുറിച്ചും അതിൽ അച്ഛനെ അഭിനന്ദിക്കുന്നുവെന്നും പറഞ്ഞപ്പോൾ അയാൾക്ക് താത്പര്യമായി. അവന് അച്ഛനെ വലിയ ഇഷ്ടമാണെന്നും എന്നാൽ അച്ഛന്റെ മദ്യപാനം ആ കൊച്ചുമനസ്സിനെ വല്ലാതെ വേദനിപ്പിക്കുന്നുണ്ടെന്നും പറഞ്ഞപ്പോൾ ടീച്ചറിന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. "ഇത്രയും മിടുക്കനായൊരു മകനെ ദൈവം നിങ്ങൾക്ക് തന്നിട്ട്, നിങ്ങളവനോട്..." ടീച്ചറിന്റെ കണ്ണുനീർ കണ്ട് അയാളും കരയാൻ തുടങ്ങി. "ഞാനൊരു ഉത്തരവാദിത്വമില്ലാത്ത തന്തയാണെന്നെനിക്കറിയാം. പക്ഷേ, ഈ മുടിഞ്ഞ കുടി എന്നേയും കൊണ്ടേ പോകൂ... ഇതിൽനിന്ന് രക്ഷപ്പെടുവാൻ എനിക്കാവില്ല ടീച്ചറേ..."

"നിങ്ങൾ അവനെ സ്നേഹിക്കുന്നുണ്ടെങ്കിൽ S.S.L.C. പരീക്ഷ കഴിയുംവരെയെങ്കിലും മദ്യപിക്കരുത്. അതുമാത്രം... അതുമാത്രമേ ഞാൻ ആവശ്യപ്പെടുന്നുള്ളൂ"

ടീച്ചറിന്റെ കണ്ണുനീരിനു മുൻപിൽ ആ ഹൃദയമലിഞ്ഞു. അന്യയായ ഒരു ടീച്ചർ തന്റെ മകനുവേണ്ടി തന്നോട് കരഞ്ഞു യാചിക്കുന്നതിന്റെ യാഥാർഥ്യം അയാളെ കഠിനമായി നോവിച്ചിരിക്കണം. അന്നുമുതൽ അയാൾ നേരത്തെ വീട്ടിലെത്താൻ തുടങ്ങി. S.S.L.C. പരീക്ഷയടുത്തപ്പോൾ കിരണിന് കൂട്ടുകാരന്റെ വീട്ടിൽ താമസിച്ച് പഠിക്കുവാനുള്ള സാഹചര്യം കൂടി ടീച്ചർ ഒരുക്കിക്കൊടുത്തു. നിറഞ്ഞ മനസ്സോടെയും ആത്മവിശ്വാസത്തോടെയുമാണവൻ പരീക്ഷയെഴുതിയത്. പരീക്ഷകഴിയുംവരെ ആ നല്ലവനായ അച്ഛൻ വാക്കുപാലിച്ചു. ടീച്ചർ, കരുണയുടെ കൊന്ത ആ കുടുംബത്തിനുവേണ്ടി അർപ്പിച്ചുകൊണ്ടിരുന്നു.

യാദൃച്ഛികമെന്നു പറയട്ടെ കിരണിന്റെ അച്ഛൻ ആശുപത്രിയിലായി. അയാളുടെ ശാരീരിക നില ദുർബലമായിരുന്നു. ഡോക്ടർ തറപ്പിച്ചുപറഞ്ഞു: "നിങ്ങൾ ഇനി മദ്യപാനം തുടർന്നാൽ, ഞാൻ എഴുതിത്തരാം; ഒരു വർഷം നിങ്ങൾ തികയ്ക്കില്ല" - അയാൾ നാലു മാസമായി മദ്യപിച്ചിട്ടില്ലെന്നാണ് ഇപ്പോൾ കിരൺ പറയുന്നത്. ദൈവത്തിന്റെ വഴികൾ എത്ര വിസ്മയകരമാണ്.

താമരശ്ശേരി രൂപതയിലെ ഒരു മലയോര സ്കൂളിലെ ഒരു ടീച്ചറിന്റെ നേട്ടത്തിന്റെ കഥയാണിത്. പ്രാർഥനയെന്നാൽ പ്രാണൻ അർഥിക്കുകയെന്നും കൂടിയാണല്ലോ. ഒരു കുഞ്ഞിന്റെ പ്രാണനുവേണ്ടി അർഥിച്ചപ്പോൾ ഒരു കുടുംബത്തെയാണ് ദൈവം ആ ടീച്ചറിനുമുൻപിൽ വച്ചുകൊടുത്തത്. ഒരു പൂ ചോദിച്ചപ്പോൾ ഒരു പൂക്കാലം വച്ചുനീട്ടിയതുപോലെ.

സണ്ണി കോക്കാപ്പിള്ളിൽ

# ഗീവർഗീസ് പുണ്യവാളാ, എന്നെ രക്ഷിക്കണേ!



ഭർത്താവിനാൽ നിർബന്ധിക്കപ്പെട്ട യാത്രയിൽ അമ്പലത്തിലെ വിഗ്രഹത്തിനു മുൻപിൽനിന്ന് ജിഷ പ്രാർഥിച്ചു, "എന്റെ ഗീവർഗീസ് പുണ്യവാളാ, എന്നെ രക്ഷിക്കണമേ!"

അല്ലാതെ മറ്റൊന്നും അവൾക്കു നിവൃത്തിയില്ലായിരുന്നു. ശീലിച്ചുപോന്ന ഭക്തിയെ അവൾ വിതുമ്മലോടെ ഉള്ളിലൊതുക്കി. വീട്ടിൽനിന്നും ജോലിസ്ഥലത്തേക്കുള്ള യാത്രയിൽ റോഡരികിൽ കാണുന്ന ദേവാലയത്തിനുമുന്നിലെ കുരിശുരൂപം നെഞ്ചിൽ ഇടിമിന്നൽ പായിക്കുന്നു. ഭയത്തോടെയല്ലാതെ ധൈര്യപൂർവം അതിനകത്തു കയറി പ്രാർഥിക്കാൻ എന്നെങ്കിലും അവസരം ഉണ്ടാകുമോ? "ഇനിയും അയാളിതാവർത്തിച്ചാൽ വിവാഹമോചനത്തിനു ഞാൻ കേസുകൊടുക്കും."

മിഥുന്റെ മൊബൈൽ ഫോണിലെ മെമ്മറി കാർഡ് വളരെ യാദൃച്ഛികമായി ജിഷ പരിശോധിച്ചപ്പോഴാണ് ആ സത്യം മനസ്സിലാക്കിയത്. ഫേസ്ബുക്ക് ഫ്രണ്ടാണത്രേ. അവളുമായി ചേർന്നുനിൽക്കുന്ന നിരവധി ഫോട്ടോകൾ സേവ് ചെയ്തിരിക്കുന്നു.

"എന്നെപ്പോലെ ഒരു പെണ്ണും ഇത്രമാത്രം റിസ്ക് എടുക്കുകയില്ല. എന്നിട്ടും, ഒരു കുഞ്ഞുണ്ടെന്ന വിവരംപോലും അവനോർത്തില്ലല്ലോ". ജിഷ കരയുകയും പറയുകയും ചെയ്യുന്നു. മധ്യതിരുവിതാംകൂറിലെ പ്രശസ്തമായ വലിയ കുടുംബത്തിലെ ഇളയ സന്തതിക്ക് ഇത്ര ധൈര്യം ഉണ്ടെന്ന് ആരും പ്രതീക്ഷിച്ചിരുന്നില്ല. മെട്രോ നഗരത്തിലെ സാമാന്യം നല്ല ജോലി കുടുംബത്തിനും അഭിമാനമായിരുന്നു. നിലത്തുവയ്ക്കാതെ

മൂത്ത സഹോദരർ വളർത്തിയ ചക്കരമോൾ. ഇരു കൈകളിലെയും വിരലുകളെണ്ണിയാൽ തീരാൻമാത്രം ചേട്ടൻമാരും ചേച്ചിമാരും ചക്കരമോൾക്കുണ്ടായിരുന്നു. ഒരനുസരണ ക്കേടും വരുത്താത്ത കുഞ്ഞനിയത്തിക്കായി നല്ലൊരാലോചന അവർ കണ്ടെത്തിയിരുന്നു. ബാംഗ്ലൂരിലെ പേരെടുത്ത കമ്പനിയിൽ എഞ്ചിനീയറായിരുന്നു വരൻ. മൾട്ടി പ്ലസ് തിയറ്ററിലെ എ.സി. ഹാളിലെ ഡബിൾ സീറ്റിൽ മിഥുനുമായി ചേർന്നിരുന്ന് സ്വപ്നം വിരിയിച്ചുകൊണ്ടിരിക്കുമ്പോഴായിരുന്നു ജിഷയുടെ അപ്പച്ചന്റെ ഫോൺ കോൾ, “നാളെ മോൾ വീട്ടിലെത്തണം.”

പിറ്റേന്ന് വീട്ടിലെത്തിയപ്പോൾ സഹോദരങ്ങൾ എല്ലാവരും വീട്ടിലുണ്ട്.

സൗന്ദര്യമുണ്ട്, വിദ്യാഭ്യാസമുണ്ട്, ജോലിയുണ്ട്, കുടുംബമഹിമയുണ്ട്, അറിഞ്ഞിടത്തോളം സ്വഭാവശുദ്ധിയുണ്ട്, വേണ്ടെന്നുപറയാൻ ഒരു കാര്യവുമില്ല. ദൈവം ചേർത്തുവച്ചതാണ്. നമ്മുടെ കുടുംബത്തിന്റെ യോഗം. ചക്കരമോൾക്ക് നല്ലതുമാത്രമേ വരൂ, അല്ല വരാവൂ.

ഇതിലും ചേരുന്നതൊന്ന് ഭൂമിയിലില്ല. സുന്ദരികളായ രാജകുമാരിമാരെത്തേടി രാജകുമാരന്മാർ തേരിലേറിവരും. പക്ഷേ, ഈ മനസ്സും ശരീരവും മറ്റൊരാൾ അപഹരിച്ചതാണ്. എന്റെ സ്വാതന്ത്ര്യത്തിലെന്തിനാണ് നിങ്ങൾ കൈ കടത്തുന്നത്. ആർക്കാണ് ജീവിതം പകർന്നുകൊടുക്കേണ്ടതെന്ന് ഞാനല്ലേ തീരുമാനിക്കേണ്ടത്. 21-ാം നൂറ്റാണ്ടു തുടങ്ങിയത് നിങ്ങളറിഞ്ഞില്ലേ? ഒന്നും പറയാൻ കഴിയുന്നില്ല. കാരണം, വാത്സല്യം അത്ര വലുതാണ്. സ്നേഹത്തിന്റെ പാരാവാരം അലയടിച്ചുവരുമ്പോൾ അതിനെ മറികടക്കാൻ ഒരു കൊച്ചു തോണിപോലും തന്റെ കൈവശമില്ലല്ലോ!

“മനസ്സമ്മതത്തിന്റെ തലേന്ന് അഞ്ചുലക്ഷം രൂപയും നാല്പതു പവന്റെ ആഭരണങ്ങളുമായി ഇറങ്ങിപ്പോന്നതാണു ഞാൻ. സ്നേഹിച്ചവനുവേണ്ടി ഇതിൽ കൂടുതൽ എന്തു ചെയ്യാനാണ്? അവനുവേണ്ടി ഞാൻ നഷ്ടപ്പെടുത്തിയതിന്റെ വിലയോർത്താൽ എന്നോടീ കടുംകൈ ചെയ്യുമോ?”

ഇറങ്ങിപ്പോരുന്നതിനു മുൻപ് ഉത്തരങ്ങളുണ്ടായിരുന്നു.

ഞങ്ങൾ ഒരു മനസ്സാണ്. ലോകത്തിൽ ഏറ്റവും സന്തോഷത്തോടെ ഞങ്ങൾ ജീവിക്കും. ആരില്ലെങ്കിലും സ്വർഗം ഞങ്ങളിലുണ്ട്.

ഇപ്പോൾ അനേകം ചോദ്യങ്ങളുയരുന്നു. ഒരു മനസ്സായിരുന്നത് ഇപ്പോൾ എങ്ങനെ രണ്ടായി? ദേവാലയം കാണുമ്പോൾ നെഞ്ചിൽ മിന്നൽ പായുന്നതെന്തുകൊണ്ട്?

ക്ഷേത്രത്തിലെ പ്രതിഷ്ഠയുടെ മുൻപിൽ ചെന്ന് ഗീവർഗീസ് പുണ്യവാളനെ വിളിക്കുന്നതെന്തിന്? സ്വർഗം വാഗ്ദാനം ചെയ്തവൻ മറ്റൊരു സ്വർഗം സൃഷ്ടിക്കാൻ ശ്രമിക്കുന്നതെന്തിന്? ഒരുമിച്ചുള്ള ജീവിതം മതിയാക്കാൻ തീരുമാനിക്കുന്നതെന്തിന്?

മനസ്സമ്മതത്തിന്റെയന്ന് വീട്ടുകാരനുഭവിച്ച വേദന നീയോർമിക്കുന്നുണ്ടോ?

അഞ്ച് ആങ്ങളമാരും നാലു ചേച്ചിമാരും പ്രായംചെന്ന മാതാപിതാക്കളും പിന്നെയെത്ര രാത്രികൾ ഉറങ്ങാതെ കിടന്നു?

ചെറുക്കന്റെ വീട്ടുകാരെ തടയാൻ ഒരു ഫോണിലൂടെ കഴിഞ്ഞു (നൂറിൽപരം ഫോൺ കോളുകൾ അവർക്ക് ചടങ്ങൊഴിവാക്കാൻ ഉപയോഗിക്കേണ്ടിവന്നു). പക്ഷേ, കേട്ടറിവില്ലാതെ ഉച്ചനേരത്ത് വിഭവസമൃദ്ധമായ സദ്യയ്ക്കായി പാരിഷ് ഹാളിൽ ഒരുങ്ങിയെത്തിയ 700-ഓളം പേരുടെ മുൻപിൽ വാവിട്ടു കരഞ്ഞ അപ്പച്ചന്റെ അവസ്ഥ ഓർത്തിട്ടുണ്ടോ?

ഇന്നും തലയുയർത്തി പിടിക്കാനാവാതെ ഒന്നിലും ഇടപെടാതെ വീട്ടിലൊതുങ്ങിപ്പോയ ആങ്ങളമാർ.

“ഒത്തിരിപ്പേരെ വേദനിപ്പിച്ചു അല്ലേ? പിന്നെ എന്തിനാണ് ദൈവം അങ്ങനെയൊരു ബന്ധത്തിൽ എന്നെയെത്തിച്ചത്?”

“ദൈവം എത്തിച്ചതെന്നു പറയാമോ? ഞാൻ ചെന്നു ചേർന്നതെന്നു പറയുകയല്ലേ ശരി!”


“അങ്ങനെയൊരു തീരുമാനത്തിന് ദൈവം അനുവദിച്ചതെന്തിന്?”

“ദൈവം അനുവദിച്ചതല്ല, ദൈവം തന്ന സ്വാതന്ത്ര്യത്തെ ദുരുപയോഗപ്പെടുത്തിയതിന്റെ ഫലമാണ്.”

“ഇനി എന്താണൊരു വഴി?”

“ഒരു വഴിമാത്രം. അതിതാണ്.”

ഉയർത്തിക്കാണിച്ച ക്രൂശിതരൂപത്തിന്റെ നേരെ അവൾ പ്രത്യാശയോടെ നോക്കി. “ഇതു കൈയിൽ വച്ചോ; പോയി ധ്യാനിക്ക്. എല്ലാ ഉത്തരങ്ങളും അവിടുന്നു തരും.”



**കൂടിക്കാഴ്ച**

എൽസീന ജോസഫ്

# സോണിയുടെ പ്രാർത്ഥന അന്നും ഇന്നും ക്യാംപസുകൾക്കായി

റോൾ മോഡലുകളെ തിരയുന്നത് യുവത്വത്തിന്റെ പ്രത്യേകതയാണ്. ആകർഷിക്കപ്പെടുന്ന വ്യക്തിത്വത്തെ അനുകരിക്കുന്നത് യുവജനങ്ങളുടെ സ്വഭാവവും. ആകർഷണം നല്ല ജീവിതങ്ങളിലേക്കാവുമ്പോൾ സ്വജീവിതം മനോഹരമായി മാറുന്നു. ഇപ്രകാരം യുവാവായ യേശുവിന്റെ ജീവിതത്തിലാകൃഷ്ടയായി അവനെ അനുകരിക്കാൻ ആഗ്രഹിച്ച് പഠനകാലത്തുതന്നെ ഇറങ്ങിത്തിരിച്ചതാണ് സോണി നോബിൾ. വാഹന സൗകര്യങ്ങളും ആശയ വിനിമയ ഉപാധികളും ശുഷ്കമായിരുന്ന ഒരു കാലഘട്ടത്തിൽ യുവജനങ്ങൾക്ക് ക്രിസ്തുവിനെ പങ്കുവയ്ക്കണമെന്ന വാശിയോടെ കേരളത്തിലെ ക്യാംപസുകളിലേക്ക് യാത്ര ചെയ്ത പെൺകുട്ടി. വർഷങ്ങൾക്കുശേഷവും ജീസസ് യൂത്ത് മുന്നേറ്റത്തെ അത്യധികം സ്നേഹിക്കുകയും യുവജനങ്ങളോടൊപ്പം നടന്ന് അവരെ മുന്നോട്ടുനടത്തുകയും ചെയ്യുന്ന ഒരു അമ്മസാന്നിധ്യമാണ് ഇന്ന് സോണി. തിരുവനന്തപുരത്ത് എയർ ഇന്ത്യയിൽ ഡപ്യൂട്ടി ചീഫ് എൻജിനീയർ. കേരള ജീസസ് യൂത്ത് ക്യാംപസ് മിനിസ്ട്രിയുടെ ആദ്യത്തെ കോ-ഓർഡിനേറ്ററും ഇപ്പോൾ നാഷനൽ ക്യാംപസ് ടീം ആനിമേറ്ററുമാണ്. അനുഭവങ്ങളും കാഴ്ചപ്പാടുകളും പങ്കുവച്ച് സോണി കെയ്റോസിനൊപ്പം.



**ജീസസ് യൂത്ത് മുന്നേറ്റത്തിലേക്കുള്ള കടന്നുവരവ് എങ്ങനെയായിരുന്നു?**

1980-കളുടെ തുടക്കത്തിൽ പാലാ അൽഫോൻസാ കോളജിലെ പ്രീഡിഗ്രി പഠനകാലത്താണ് കരിസ്മാറ്റിക് നവീകരണ മുന്നേറ്റവുമായി ബന്ധപ്പെട്ടത്. ഞാൻ ആഴ്ചയിലൊരിക്കലാണ് ഹോസ്റ്റലിൽ നിന്ന് വീട്ടിൽ പോവുക. അപ്പോൾ മമ്മിയുടെ കൂടെ പ്രെയർ ഗ്രൂപ്പിൽ ചെല്ലുന്നത് പതിവായിരുന്നു. ആ സമയത്തുനടന്ന കരിസ്മാറ്റിക് നാഷനൽ കൺവൻഷനിൽ വൊളന്റിയറായി പങ്കെടുക്കാൻ അവസരം ലഭിച്ചതാണ് വലിയൊരു അനുഭവമായത്. ഈശോയെ സ്നേഹിക്കുന്ന വലിയൊരു സമൂഹത്തെ അവിടെ കാണാനും പരിചയപ്പെടാനും കഴിഞ്ഞു. പാലാ സോണുമായി കൂടുതൽ ബന്ധപ്പെട്ടു പ്രവർത്തിച്ചതും എന്റെ വളർച്ചയ്ക്ക് വലിയ സഹായമായിരുന്നു. അതിനുശേഷമാണ് ജീസസ് യൂത്തുമായി അടുക്കുന്നത്. കോതമംഗലം എൻജിനീയറിങ് കോളജിൽ പഠിക്കുമ്പോൾ പഠനംപോലെ പ്രധാനമായിരുന്നു ജീസസ് യൂത്ത് പ്രവർത്തനങ്ങളും.

**ജീസസ് യൂത്ത് ക്യാംപസ് മിനിസ്ട്രിയുടെ കേരളത്തിലെ ആദ്യത്തെ കോ-ഓർഡിനേറ്ററായിരുന്നല്ലോ. ആ സമയത്തെ ക്യാംപസുകളിലെ പ്രവർത്തനങ്ങൾ എങ്ങനെയായിരുന്നു?**

യുവാക്കളുടെ മുന്നേറ്റമെന്ന നിലയിൽ ജീസസ് യൂത്തിന് തുടക്കംമുതലേ ക്യാംപസുകളിൽ ശക്തമായ സാന്നിധ്യമുണ്ടായിരുന്നു. ആലീസ് ആന്റിയെയും എഡ്ഡി ചേട്ടനെയും (എഡ്വേഡ് എടേഴത്ത്), സേവ്യർ ബോർഡിലെ സി. ക്ലെയോപാട്രയെയും തെക്കേമുറി അച്ചനെയുമൊക്കെ ദൈവം തന്റെ ഉപകരണങ്ങളാക്കി മാറ്റുകയായിരുന്നു. ഇവരുടെ നേതൃത്വത്തിൽ കോളജുകളിലെ പ്രവർത്തനങ്ങളിൽ ഞങ്ങളും പങ്കുചേർന്നു. അങ്ങനെ കോളജുകളിലെ ജീസസ് യൂത്ത് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു ക്യാംപസ് ടീം രൂപംകൊണ്ടു. ഞാൻ, ചാക്കോച്ചൻ ഞാവള്ളിൽ, ഷാജി, തിരുവനന്തപുരത്തുനിന്നുള്ള സന്തോഷ് തുടങ്ങിയവരൊക്കെയായിരുന്നു അന്ന് ടീമിലുണ്ടായിരുന്നത്. ആ ഒരു ടീമിലെ അംഗമെന്ന നിലയിലായിരുന്നു അന്ന് എന്നെ കോ-ഓർഡിനേറ്ററാക്കിയത്.

**ആശയവിനിമയത്തിന് ഒരുപാട് പരമിധികളുണ്ടായിരുന്ന ആ കാലത്ത് ക്യാംപസ് മിനിസ്ട്രിയുടെ പ്രവർത്തനങ്ങളും എങ്ങനെയായിരുന്നു മുന്നോട്ടു കൊണ്ടുപോയിക്കൊണ്ടിരുന്നത്?**

അന്ന് എല്ലാമാസവും എറണാകുളം എമ്മാവൂസിൽ വച്ച് ലീഡേഴ്സിന്റെ ഒരു മീറ്റിങ് നടന്നി

രുന്നു. ഈ സമയത്ത് എല്ലാവരും പരസ്പരം ഷെയർചെയ്യും, ഒന്നിച്ചിരുന്ന് പ്രാർഥിക്കും, പുതിയ കാര്യങ്ങൾ ആലോചിക്കും. അന്നത്തെ കോ-ഓർഡിനേറ്റർമാർ ഇടുക്കി തങ്കച്ചൻ ചേട്ടൻ, കൊച്ചുറാണി ചേച്ചി, ജോസഫ് ചേട്ടൻ തുടങ്ങിയവരായിരുന്നു. ഇത്തരത്തിൽ വലിയ വ്യക്തികളുമായുള്ള അടുപ്പത്തിൽനിന്ന് അന്ന് തീരെ കുഞ്ഞായിരുന്ന എനിക്ക് വലിയൊരു കരുത്തും മാതൃകയുമൊക്കെ നൽകി. അവരിൽ നിന്ന് കാര്യങ്ങൾ പഠിച്ചെടുത്തു. കോളജുകളിലേക്ക് നമ്മൾ എത്തിച്ചേരുന്നത് തന്നെ ഇവരിലൂടെയാണ്. അന്നത്തെ സോണൽ സംവിധാനമായിരുന്നു പ്രധാന മാർഗം. ഈ ഒരു വഴിയിലൂടെതന്നെയാണ് എന്തെങ്കിലും അങ്ങോട്ടുമിങ്ങോട്ടും കൈമാറുന്നതും പിന്നെ വൈകുന്നേരങ്ങളിൽ കുറഞ്ഞ നിരക്കിലെ ലോക്കൽ ഫോൺ കോളുകളും ആശ്രയമായിരുന്നു. ആ സമയങ്ങളിലൊക്കെ അസാധ്യമായവ സാധ്യമാക്കുന്ന ദൈവത്തിന്റെ വലിയൊരു കാരുണ്യം അനുഭവിച്ചറിയാൻ കഴിഞ്ഞിരുന്നു. ഇന്ന് അതൊക്കെ വലിയ അത്ഭുതമായി തോന്നുകയാണ്.




**പരിമിതമായ സാഹചര്യങ്ങളും പ്രവർത്തന മേഖലകളുമുള്ള ഒരു കാലത്ത് ഇത്ര വലിയൊരു ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിനുള്ള പ്രചോദനമെന്തായിരുന്നു?**

ഞാൻ എം.എ. കോളജിലായിരുന്ന സമയത്താണ് ഈ ഉത്തരവാദിത്വം ഏറ്റെടുക്കുന്നത്. റാഗിങ് വളരെ ശക്തമായിരുന്ന സമയം. അന്ന് ഞങ്ങളുടെ കോളേജിലെ തന്നെ ഒരു കുട്ടി റാഗിങ് കാരണം ആത്മഹത്യ ചെയ്ത സാഹചര്യം വരെയുണ്ടായിരുന്നു. ഹോസ്റ്റലിൽ പോലും സ്വസ്ഥതയില്ല. അധ്യാപകർക്കുപോലും ഒന്നും ചെയ്യാൻ പറ്റാത്ത അവസ്ഥ. ക്രിസ്ത്യൻ മാനേജ്മെന്റ് സ്ഥാപനമായിട്ടുപോലും സ്ഥിതി ഭയങ്കരമായിരുന്നു. ഈശോയുടെ ഇടപെടലിനായി വാശിപിടിച്ച് കരഞ്ഞ സമയം വരെയുണ്ടായിരുന്നു. ക്യാംപസിനെ അതിന്റെ സ്വഭാവത്താൽ തന്നെ ഉൾക്കൊള്ളാൻ കഴിഞ്ഞതും ക്യാംപസ് യുവത്വത്തിനായി എന്നെക്കൊണ്ടാകുന്നത് ചെയ്യാനുറച്ചതും അങ്ങനെയാണ്.

**ഈ ഒരു സമയത്തെ മറക്കാനാവാത്ത ദൈവാനുഭവം എന്തെങ്കിലും ഒന്ന് പങ്കുവയ്ക്കാമോ?**

എല്ലാം ദൈവത്തിന്റെ ഇടപെടൽ വ്യക്തമാക്കുന്നവയായിരുന്നു. പ്രത്യേകിച്ച് ആ സമയങ്ങളിൽ കോളജുകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട കുറച്ചുപേരെ ഞങ്ങൾ ആഴ്ചയിലൊരിക്കൽ ഒരുമിച്ചു കൂട്ടുമായിരുന്നു. കുട്ടികളുടെ മാതാപിതാക്കൾക്കും അധ്യാപകർക്കുമൊക്കെ ഒരത്ഭുതമായിരുന്നു ഇത്. എന്റെ കോളജിൽ ജൂനിയറായിരുന്ന ഒരു ബെന്നി ജോൺ അതിലൊരാളായിരുന്നു. കോളജിലെ ആർട്സ് ക്ലബ് സെക്രട്ടറിയായിരുന്ന ബെന്നി വളരെ വ്യത്യസ്തത നിറഞ്ഞ ഒരു വ്യക്തിത്വമായിരുന്നു. കൂടാതെ വൈസ് ചെയർമാനായിരുന്ന ബിനു ജോസും ഉണ്ടായിരുന്നു. ഇവർക്കൊക്കെ ക്യാംപസുകളിൽ ശക്തമായ സ്വാധീനം ഉണ്ടായിരുന്നതിനാൽ പ്രവർത്തനം എളുപ്പമായി. വ്യക്തികളെ തമ്പുരാൻ തിരഞ്ഞെടുക്കുന്നതും ദൈവാത്മാവ് അവരിലൂടെ അതിശക്തമായി ഇടപെടുന്നതുമൊക്കെ നേരിട്ട് കാണുവാൻ കഴിഞ്ഞിരുന്നു. പ്രത്യേകിച്ച് ബെന്നി ജോണിലൂടെ. അതോടെ ഞങ്ങളുടെ ക്യാംപസിന്റെ മുഖം തന്നെ മാറി. ഇത്തരത്തിലുള്ള അനുഭവങ്ങൾതന്നെയായിരുന്നു വലിയ ബലവും. പിന്നെ ഇന്നുള്ളതുപോലെ ഒരു സപ്പോർട്ട് സിസ്റ്റം ഒന്നുമില്ലാതിരുന്നപ്പോൾ ചില സമയങ്ങളിലൊക്കെ കരഞ്ഞിട്ടുണ്ട്. എങ്കിലും ആലീസ് ആന്റിയുടെയും എഡ്ഡി ചേട്ടന്റെയും, ബേബിച്ചായന്റെയും ഒക്കെ സപ്പോർട്ടാണ് കരുത്തായി മാറിയത്. ഇന്നും അവരുമായുള്ള ബന്ധം എനിക്ക് എല്ലാ സമയത്തും മുതൽക്കൂട്ടായുണ്ട്.

**പഴയകാല ക്യാംപസ് പ്രവർത്തനങ്ങളിൽ നിന്നു വ്യത്യസ്തമാണ് ഇന്ന് ചേച്ചിയുടെ മേഖല. ഇവിടെ എങ്ങനെയാണ് ഈശോയെ മറ്റുള്ളവർക്ക് കൊടുക്കാൻ കഴിയുന്നത്?**

ഇത് ഒരുപാട് ചലഞ്ചിങ്ങായിട്ടുള്ള മേഖലയാണ്. ഓഫീസിൽ വ്യക്തമായ നിലപാടുകൾ എടുക്കേണ്ടിവരുന്ന സന്ദർഭങ്ങൾ ധാരാളമാണ്. മേലധികാരികളുടെ തീരുമാനങ്ങളോട് ചിലപ്പോൾ യോജിക്കാൻ കഴിഞ്ഞെന്നു വരില്ല. ആ സമയങ്ങളിൽ ശാന്തമായി അവരെ കേൾക്കാനും തികഞ്ഞ ബഹുമാനത്തോടെ തന്നെ 'സാർ അത് അപ്രകാരം ചെയ്താൽ ഇതാവും ഫലം... അതിനേക്കാൾ നല്ലത് ഇതല്ലേ...?' എന്നൊക്കെയുള്ള രീതിയിൽ സംസാരിക്കാനുമെല്ലാം ദൈവം ഇടയാ




ക്കുന്നുണ്ട്. തീരുമാനമെടുക്കാനും എടുപ്പിക്കാനും ദൈവം കരുത്തുതരുന്നുണ്ട്.

അവിടെ തൊട്ടടുത്ത് ഈശോയുടെ ഒരു ഗ്രോട്ടോയുണ്ട്. അവിടെയാണ് ഞാൻ പ്രാർഥിക്കാൻ പോകാറുള്ളത്. ധാരാളം പേർ വരുന്ന സ്ഥലമാണത്. ഒരു ദിവസം ഒരു ബൈബിൾ അവിടെ വാങ്ങിച്ചുവയ്ക്കാൻ ഈശോ ശക്തമായി നിർദേശം നൽകി. ഇക്കാര്യം ഞാൻ അവിടുത്തെ അച്ചനുമായി പങ്കുവച്ചു. പക്ഷേ, അച്ചൻ സമ്മതം നൽകിയില്ല. അത് അവിടെ നിന്നും മോഷ്ടിച്ചുകൊണ്ടു പോകും എന്നൊക്കെ അച്ചൻ പറഞ്ഞു. പല തവണ ഞാൻ ഇക്കാര്യം സൂചിപ്പിച്ചുകൊണ്ടിരുന്നു. ഒടുവിൽ ഞാൻ പറഞ്ഞു, അവസാനമായി ഒരിക്കൽ കൂടി നമുക്ക് ശ്രമിക്കാം. ആരെങ്കിലും അത് എടുത്തുകൊണ്ട് പോകുകയാണെങ്കിൽ പോകട്ടെ എന്ന്. ഇവിടെ പ്രാർഥിക്കാൻ വരുന്നവർക്ക് ബൈബിൾ വലിയൊരു സഹായമാകുമെന്ന് എനിക്കുറപ്പായിരുന്നു. എനിക്കു പോലും അത് ആവശ്യമായി തോന്നിയിരുന്നു. ഇതൊക്കെ ഞാൻ പറഞ്ഞപ്പോൾ ഒടുവിൽ അച്ചൻ സമ്മതിച്ചു. ബൈബിൾ അവിടെ വാങ്ങിവച്ചു. ഇപ്പോൾ അവിടെ വരുന്ന എല്ലാവരും ബൈബിൾ വായിക്കുന്നത് കാണുമ്പോൾ ഒരുപാട് സന്തോഷം തോന്നുന്നു. കൂടാതെ ഓഫിസിൽ എന്റെ ക്യാബിനകത്ത് കെയ്റോസ്, ജീസസ് യൂത്ത് ന്യൂസ്‌ലറ്ററുകൾ ഇവയൊക്കെയുണ്ട്. അതൊക്കെ ആർക്കും എടുക്കാം, വായിക്കാം. ജൂനിയേഴ്സ് ഒക്കെ അതെടുത്തുവായിക്കാറുണ്ട്. അവരും അനുഭവങ്ങളൊക്കെ പങ്കുവയ്ക്കും.

**നിരന്തരം മീറ്റിങ്ങുകൾ, ഓഫിസ് തിരക്ക് ഇതിനൊക്കെയിടയിൽ കുടുംബം. മക്കൾ.. കുടുംബ ജീവിതത്തെപ്പറ്റി...**

തമ്പുരാന്റെ കൂടെയായിരിക്കുന്നതിനാൽ ത്തന്നെ എല്ലാം ദൈവം ഏറ്റെടുത്ത് നടത്തുന്നു. ഓരോ ദിവസവും പുതിയതാണ്. ബുദ്ധിമുട്ടുകളും പ്രയാസങ്ങളുമൊക്കെ വ്യത്യസ്തമാണ്. രാവിലെ 8.30 മുതൽ 6.30 വരെ ജോലി സമയം. അതുകഴിഞ്ഞ് വന്നയുടനെ കുർബാനയ്ക്കു പോകും. കുടുംബവുമായി ദിവ്യബലി മുടങ്ങാതെ പങ്കെടുക്കുന്നതിന്റെ വലിയ കൃപ ഞങ്ങൾ എന്നും അനുഭവിക്കുന്നുണ്ട്. ഞങ്ങൾക്കു 4 മക്കളാണ്. 3 പെൺകുട്ടികളും ഏറ്റവും ഇളയത് ആൺകുട്ടിയും. കുട്ടികളാണെങ്കിലും ജീസസ് യൂത്ത് ജീവിതരീതിയിലാണ് പോകുന്നത്. മൂന്നാമത്തെയാൾ ക്ലെയർ ജെ.വൈ ടീൻസ് ബാൻഡിൽ അംഗമാണ്.

**ഇന്നത്തെ യുവത്വത്തെ എങ്ങനെ നോക്കി കാണുന്നു.**

യുവജനങ്ങൾക്കായി വലിയതോതിലുള്ള പ്രാർഥനയും ദിശാബോധം നൽകലും ആവശ്യമാണ്. ആത്യന്തികമായി എല്ലാവരും അന്വേഷിക്കുന്നത് ദൈവത്തെയാണ്. പക്ഷേ പലപ്പോഴും അവർ വഴിതെറ്റിപ്പോകുന്നു. അത് അവരുടെ അറിവില്ലായ്മകൊണ്ടാണ്. സ്നേഹത്തിനുള്ള ദാഹമാണ് പലപ്പോഴും അവരെ പ്രതിസന്ധിയിലാക്കുന്നത്. അതിനാൽ ദൈവസ്നേഹത്താൽ നിറയുവാനാണ് നാം പ്രവർത്തിക്കേണ്ടതും പ്രാർഥിക്കേണ്ടതും.

പുതിയ കാലഘട്ടത്തിന്റെ സാധ്യതകൾ ഉപയോഗിച്ച് നൻമചെയ്യുന്ന ഒട്ടേറെ ചെറുപ്പക്കാരെയും ഇന്നു കാണാം. ഓരോ കാലത്തിനനുസരിച്ച് ഈശോയോടടുക്കാൻ തക്കവിധം നേതൃത്വത്തെ ശക്തിപ്പെടുത്തുക എന്ന കടമയാണു നമുക്കുള്ളത്.

**ഇപ്പോൾ ജീസസ് യൂത്തിലെ പ്രവർത്തനങ്ങൾ?**

നാഷനൽ ക്യാംപസ് ടീം ആനിമേറ്ററാണ്. ക്യാംപസിന് പുറത്തായിട്ടു പോലും ദൈവത്തോട് നോ പറയാൻ പറ്റാത്തതാണ് ഈ ഉത്തരവാദിത്തം നിർവഹിക്കുന്നതിലെ കാരണം. കേരളത്തിലും പുറത്തുമായി ജീസസ് യൂത്തിന്റെ പരിശീലനങ്ങളിലും പ്രോഗ്രാമുകളിലും സഹായിക്കുന്നുണ്ട്. പലരെയും വ്യക്തിപരമായി ആത്മീയതയിൽ വളരാൻ സപ്പോർട്ട് ചെയ്യുന്നുമുണ്ട്.

വിശാലമായ പ്രവർത്തന മണ്ഡലവും ആഴമേറിയ പ്രാർഥനയുമായി സോണിചേച്ചി മുന്നോട്ടു നീങ്ങുകയാണ്... യുവാവായ യേശുവിന്റെ മാതൃകയിൽ പ്രവർത്തന നിരതമായി...

## കെയ്റോസ് സുഹൃത്തുക്കൾ (FRIENDS OF KAIROS)

പതിനായിരക്കണക്കിന് യുവജനങ്ങളുടെ ജീവിതങ്ങളിൽ നന്മയുടെ ചൈതന്യം പടർത്തി, ദൈവരാജ്യത്തെ വിലപ്പെട്ട ശുശ്രൂഷകരായി അവരെ മാറ്റിത്തീർക്കുന്ന ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ ആഭിമുഖ്യത്തിലാണ് കെയ്റോസ് മാസിക പ്രസിദ്ധീകരിക്കുന്നത്. എല്ലാ മേഖലകളിലുമുള്ള യുവജന ജീവിതത്തിൽ സ്വാധീനമാകുക എന്ന ലക്ഷ്യത്തോടെയുള്ള മാധ്യമ ശുശ്രൂഷയാണിത്. ചിലവുകൾ കുതിച്ചുയരുന്ന ഇക്കാലഘട്ടത്തിൽ അനേകരുടെ കരുതലും സ്നേഹവുമാണ് കെയ്റോസിനെ വളർത്തുകയും നിലനിർത്തുകയും ചെയ്യുന്നത്. ഇത്തരത്തിൽ കെയ്റോസ് മാസികയെ സാമ്പത്തികമായി സഹായിക്കുന്നവരുടെ കൂട്ടായ്മയാണ് കെയ്റോസ് സുഹൃത്തുക്കൾ (Friends of Kairos) എന്ന പേരിൽ അറിയപ്പെടുന്നത്. 200 രൂപാമുതൽ 500, 1000 എന്നിങ്ങനെ വിവിധ തുകകൾ നൽകി, ഓരോ മാസവും കെയ്റോസിനെ സഹായിക്കുന്നവരെ സ്നേഹത്തോടും കൃതജ്ഞതയോടും കൂടിയാണ് ഞങ്ങൾ സ്മരിക്കുന്നത്. കെയ്റോസിലൂടെ നടക്കുന്ന യുവജന ശുശ്രൂഷയെ സാമ്പത്തികമായി സഹായിക്കാൻ കെയ്റോസിന്റെ ഓരോ വായനക്കാരെയും സ്നേഹപൂർവം ക്ഷണിക്കുന്നു.

വിശദാംശങ്ങൾക്കായി ബന്ധപ്പെടുക: കെയ്റോസ്, HMT Colony P.O., എറണാകുളം – 683 503
Email: kairosmag@gmail.com Phone: 94479 26098 (ടോമി തോട്ടുങ്കൽ)

## കെയ്റോസ് നൈറ്റ് വിജിൽ

ഞങ്ങളുണ്ട് നിങ്ങൾക്കായി പ്രാർഥിക്കാൻ. നിങ്ങളുടെ പ്രാർഥനാ ആവശ്യങ്ങൾ ഞങ്ങളെ അറിയിക്കൂ. മാസത്തിലെ രണ്ടാം വെള്ളിയാഴ്ചകളിൽ 6 മണി മുതൽ 12 മണി വരെ. കെയ്റോസ് വായനക്കാരെയും നേരിട്ടോ, അല്ലാതെയോ, കെയ്റോസ് വിജിലിൽ പങ്കുചേരാൻ സ്നേഹപൂർവം ക്ഷണിക്കുന്നു. വിശദാംശങ്ങൾക്കായി വിളിക്കുക. ജാൻസൺ അറയ്ക്കൽ, മൊബൈൽ: 9847538140. പ്രാർഥനാവശ്യങ്ങൾ അറിയിക്കാൻ വിളിക്കുക/ഈമെയിൽ അയക്കുക: kairosnightvigil@gmail.com

കെയ്റോസ് നിങ്ങളുടെ ഭവനത്തിൽ/ജോലിസ്ഥലത്ത്/കാമ്പസിൽ ലഭിക്കുവാൻ ഈ ഫോം പൂരിപ്പിച്ച ശേഷം മണിഓർഡർ/ ഡി.ഡി. സഹിതം അയയ്ക്കുക

**വരിസംഖ്യ കൂപ്പൺ**

പേര്: ....................................................................................................

അഡ്രസ്സ്: ....................................................................................................

....................................................................................................

ജില്ല: ..........................................................പിൻ: ..........................................................

മൊബൈൽ: ...................................ഇമെയിൽ...................................................................

പണമടയ്ക്കുന്ന രീതി: മണിഓർഡർ/ഡിഡി. തുക: ..........................................................

### വരിസംഖ്യ ഒരു വർഷത്തേക്ക് ₹180

വിലാസം: കെയ്റോസ്, എമ്മാവൂസ് എച്ച്.എം.ടി.കോളനി.പി.ഒ.,എറണാകുളം-683503 ഫോൺ: 0484 2558825, 9447742672. Email: kairosmag@gmail.com, www.kairos.jesusyouth.org ചെക്കും ഡ്രാഫ്റ്റും കെയ്റോസ്, എറണാകുളം എന്ന പേരിലാണ് എടുക്കേണ്ടത്. ബാങ്ക് ട്രാൻസ്ഫർ ആയി പണമടയ്ക്കുന്നവർ, മുകളിൽ കൊടുത്തിരിക്കുന്ന വിവരങ്ങളോടൊപ്പം കോഡ് നമ്പർ ചേർത്ത് ഈമെയിൽ അയയ്ക്കുക.

**Account Holder:** Kairos Trust **A/c No.:** 13060100110898 **Bank:** Federal Bank **Branch:** Kalamassery
**IFSC Code:** FDRL 0001012



## കവർസ്റ്റോറി

ഫാ: ബിജു പുതിയിടത്ത് എം.സി.ബി.എസ്.

# ദൈവത്തിന്റെ സ്വപ്നങ്ങൾ എന്റെ സ്വന്തമാകുമ്പോൾ

### രംഗം ഒന്ന്

റോഡരുകിലൂടെ നടന്നുപോവുകയാണ്. ബിജുചേട്ടാ എന്ന വിളികേട്ടാണ് ഞാൻ തിരിഞ്ഞുനോക്കിയത്. ഏറെ നാളുകൾക്ക് ശേഷമാണ് കാണുന്നതെങ്കിലും ഒറ്റനോട്ടത്തിൽ ഞാൻ തിരിച്ചറിഞ്ഞു. ഞാൻ ഇടവക പള്ളിയിൽ വേദപാഠം പഠിപ്പിച്ചകുട്ടിയാണ്. വിശേഷങ്ങളൊക്കെ പങ്കുവച്ചു. ഉന്നത വിദ്യാഭ്യാസം പൂർത്തിയാക്കി ജോലിയിൽ പ്രവേശിച്ച അവൾക്ക് ഒരു സംശയം, അച്ചനായതുകൊണ്ട് ബിജുചേട്ടാ എന്ന് വിളിച്ചാൽ കുഴപ്പമുണ്ടോ?

### രംഗം രണ്ട്

യാത്രയ്ക്കിടയിൽ ഒരു കടയുടെ മുൻപിൽ നിൽക്കുകയാണ്. അപ്പോഴാണ് ജോണിചേട്ടന്റെ വരവ്. ഇത്തിരി പ്രായം ഉള്ളയാളാണ്. എന്റെ ഒരു പഴയ ഇടപാടുകാരൻ കൂടിയാണ്. എടാ ബിജു, നീ ഇപ്പോൾ എവിടെയാണ്? അച്ചനാകാൻ പോയെന്നൊക്കെ കേട്ടു. തിരിച്ചുപോന്നോ? അല്ലേലും നിനക്ക് കച്ചവടം തന്നെയാടാ നല്ലത്. ഒറ്റശ്വാസത്തിൽ ജോണിച്ചേട്ടൻ ഇത്രയും പറഞ്ഞ് കഴിഞ്ഞപ്പോൾ ഞാൻ ഇടപെട്ടു. അതിപ്പോ അച്ചനായിപ്പോയല്ലോ. ഇനി കച്ചവടം നടത്തണമെങ്കിൽ പട്ടം ഉപേക്ഷിക്കേണ്ടിവരും. അദ്ദേഹത്തെ തിരുപ്പട്ട ശുശ്രൂഷകൾക്ക് വിളിക്കാൻ മറന്നതിലുള്ള കുണ്ഠിതം മറച്ചുവച്ച് ഞാൻ പറഞ്ഞു. ജോണിച്ചേട്ടനും വിടാൻ ഭാവമില്ല. അതേയ് ഇപ്പം അച്ചൻ പണിയും ഒരു ബിസിനസാ. തർക്കിച്ചിട്ട് കാര്യമില്ലാത്തതുകൊണ്ട് മറ്റു വിശേഷങ്ങളൊക്കെ പറഞ്ഞു. പിരിയുന്നതിന് മുൻപ് എടാ എന്ന് വിളിച്ചതിന് ക്ഷമാപണം നടത്താനും ജോണിച്ചേട്ടൻ മറന്നില്ല.

### രംഗം മൂന്ന്

ജീസസ് യൂത്ത് കാസർകോട് സോണിലെ മുതിർന്ന അംഗങ്ങളുടെ ഒരു ഒത്തുചേരൽ. വൈദികപട്ടം സ്വീകരിച്ച ബിജുവച്ചന് ആശംസകളർപ്പിക്കാൻ എത്തിയവരാണ്. 1995 മുതൽ അച്ചൻ അംഗമായിരുന്ന ആ പ്രാർഥനാ ഗ്രൂപ്പിലെ സഹോദരങ്ങളും അവരുടെ കുടുംബാംഗങ്ങളും. ചൊവ്വാഴ്ചയിലെ പ്രാർഥനാകൂട്ടായ്മയിലും സർവീസ് ടീമിന്റെ ഒത്തുചേരലിലുമൊക്കെ കടയും പൂട്ടി കൃത്യസമയത്ത് എത്തുന്ന പുതിയിടം ബിജുവിനെക്കുറിച്ചാണ് അവർക്കും പറയാനുള്ളത്. അവരുടെ സങ്കടവും വ്യത്യസ്തമല്ല, ബിജു അച്ചാ എന്ന് വിളിക്കാൻ ഇനിയും പഠിക്കേണ്ടിയിരിക്കുന്നു.

ഇത് ചുറ്റുമുള്ളവരുടെ മാത്രം സങ്കടമല്ല. ചേട്ടാ എന്നും ബിജുമാഷേ എന്നും ബിജു എന്നും ഒക്കെ വിളിച്ചിരുന്നവർ അച്ചാ എന്ന് വിളിക്കുമ്പോൾ എന്റെ ഉള്ളിലൊരു തള്ളൽ അനുഭവപ്പെടുന്നുണ്ട്. അത് സന്തോഷം നല്കുന്നതോടൊപ്പം ഞാൻ ഏറ്റെടുത്തിരിക്കുന്ന വലിയ ഉത്തരവാദിത്വത്തെ ഓർമിപ്പിക്കുകകൂടി ചെയ്യുന്നുണ്ട്.

പാരലൽ കോളജിലെ പ്രീഡിഗ്രി പഠനം പാതിവഴിയിലുപേക്ഷിച്ച് സ്വന്തമായ ഒരു ബിസിനസിലേക്ക് തിരിഞ്ഞു. എന്റെ അപ്പൻ ചെയ്ത് ഏറെ പരാജയം ഏറ്റുവാങ്ങിയ മലഞ്ചരക്ക് വ്യാപാരം. ശാന്തമായി കടന്നുപോയ ആ കാലഘട്ടത്തിൽ ഇതെന്റെ വഴിയല്ലെന്നും കർത്താവിന് എന്നെക്കുറിച്ച് മറ്റു പദ്ധതികൾ ഉണ്ടെന്നും തിരിച്ചറിഞ്ഞ ഞാൻ ആ വ്യാപാര സ്ഥാപനത്തോട് വിടപറഞ്ഞു. കടയുടെ താക്കോൽ അപ്പനെ ഏൽപിച്ചുകൊണ്ട് ഞാൻ പറഞ്ഞത് ഇപ്രകാരമാണ്: ഒന്നുകിൽ ഞാൻ ഒരു മിഷനറി വൈദികനാകും. അതിന് സാധിച്ചില്ലെങ്കിൽ വടക്കേ ഇന്ത്യയിൽ എവിടെയെങ്കിലും ഒരു അൽമായ മിഷനറിയായി പ്രവർത്തിക്കും. അങ്ങനെ യുവജന കൺവൻഷൻ ആയിരുന്ന ഗ്ലോറിയ 2000-ന്റെ പ്രവർത്തനങ്ങളിലേക്ക് ഞാൻ തിരിഞ്ഞു. തുടർന്ന് 2002 ദിവ്യജ്യോതി പ്രോഗ്രാമുമായി ബന്ധപ്പെട്ട് ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലേക്ക് ഒരു യാത്ര.

തിരിച്ചുവന്നയുടൻ എം.സി.ബി.എസ്. (ദിവ്യകാരുണ്യമിഷനറി സഭ) സഭയിൽ ചേർന്നു. ബാംഗ്ളൂരിലെ തത്വശാസ്ത്ര പഠനകാലത്തും ഷില്ലോംഗിലെ ദൈവശാസ്ത്ര പഠനകാലത്തും ജീസസ് യൂത്ത് മുന്നേറ്റത്തോട് ചേർന്നു പ്രവർത്തിക്കാൻ സാധിച്ചു. 2013 ജനുവരി 5-ാം തീയതി മാർ ജേക്കബ് തൂങ്കുഴി മെത്രാപ്പൊലീത്തായുടെ കൈവയ്പ് ശുശ്രൂഷവഴി ഞാൻ പൗരോഹിത്യം സ്വീകരിച്ചപ്പോൾ സഭാ സേവനത്തിനായി രൂപം



കൊണ്ട ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ പ്രതിബദ്ധത ഒരിക്കൽക്കൂടി വെളിവാക്കപ്പെടുകയായിരുന്നു.

ദൈവത്തിന്റെ സ്വപ്നങ്ങൾ എന്റേതുകൂടിയായപ്പോൾ, അവന്റെ സ്വപ്നങ്ങളെ താലോലിക്കാൻ ഞാൻ പഠിച്ചപ്പോൾ, അവന്റെ സ്വപ്നങ്ങൾ മാത്രം എന്റെ ലക്ഷ്യമായപ്പോൾ അവന്റ കൃപ എന്നിലേക്ക് ഒഴുകുന്നത് ഞാനറിഞ്ഞു. കേവലം 224 മാർക്ക് വാങ്ങി എസ്.എസ്.എൽ.സി. പഠനം പൂത്തിയാക്കിയയാൾ 33-ാം വയസ്സിൽ ഡിസ്റ്റിങ്ഷനോടെ പ്ലസ് ടൂ ജയിക്കുകയും തുടർന്ന് വന്ന എല്ലാ പരീക്ഷകളിലും ഉന്നതവിജയം കരസ്ഥമാക്കി ഏറ്റവും ഉയർന്ന നിലയിൽ ദൈവശാസ്ത്രം പഠനം പൂർത്തിയാക്കുകയും ചെയ്തു എന്നു പറയുമ്പോൾ അത് ദൈവത്തിന്റെ കൃപയും അനുഗ്രഹവുമല്ലാതെ മറ്റെന്താണ്? ഒപ്പം ദാനമായി ലഭിച്ചതല്ലാതെ മറ്റെന്തുണ്ട് എന്ന പൗലോസ് ശ്ലീഹായുടെ ചോദ്യവും എന്റെ ജീവിതത്തിന് ഉത്തരമാകുന്നുണ്ട്.

1991-92 കാലഘട്ടത്തിൽ ഞങ്ങളുടെ ഹോട്ടലിലെ സന്ദർശകരായിരുന്ന ചില കോളേജ് വിദ്യാർഥികളിൽ നിന്നു ജീസസ് യൂത്തിനെക്കുറിച്ച് കേൾക്കാനിടയാവുകയും ഒരു ഏകദിന പ്രോഗ്രാമിൽ പങ്കെടുക്കുകയും ചെയ്തു എങ്കിലും 1994-ൽ കച്ചവടം തുടങ്ങിയ കാലഘട്ടത്തിൽ അന്നത്തെ ഫുൾടൈമേഴ്സിലൊരാളായിരുന്ന ഷിന്റോയാണ് എന്നെ ഈ മുന്നേറ്റത്തിലേക്ക് കൂടുതൽ അടുപ്പിച്ചത്. ഷിന്റോയുടെ തീക്ഷ്ണതയും സഭയെക്കുറിച്ചുള്ള സ്വപ്നങ്ങളും എന്നെ ഏറെ ആകർഷിച്ചു. അതുകൊണ്ടുതന്നെ ആ പ്രേരണയാൽ വരുമാനത്തിൽ ഒരു പങ്ക് ജീസസ് യൂത്ത് പ്രവർത്തനങ്ങൾക്കായി ഞാൻ നീക്കിവച്ചു. 1995-ൽ തേവര കോളജിൽ വച്ചു നടന്ന ജീസസ് യൂത്ത്-95 ആയിരുന്നു ഞാൻ ആദ്യമായി പങ്കെടുത്ത ഓൾ കേരള പ്രോഗ്രാം അതിനുവേണ്ടി ഒരു വർഷം നീണ്ടു നിന്ന ഒരു പഠന പരമ്പരയിലും ഞാൻ പങ്കെടുത്തു. തോമാപുരത്തെ ചൊവ്വാഴ്ചയിലെ പ്രാർഥനാ ഗ്രൂപ്പിലും ഞാൻ സജീവമായത് ആ കാലഘട്ടത്തിലാണ്. എന്റെ പൗരോഹിത്യ ജീവിതത്തിലേക്കുള്ള വഴികളിലെല്ലാം തന്നെ എനിക്ക് കരുത്തായി നിന്ന ഇന്നും എന്റെ ശുശ്രൂഷയ്ക്ക് ബലമായി പ്രാർഥനയുടെ ചങ്ങലകൾ തീർത്തുകൊണ്ട് ആ പ്രാർത്ഥനാ ഗ്രൂപ്പ് തുടരുകയാണ്.

1997-ൽ കേരളത്തിലെ ജീസസ് യൂത്ത് ഇന്ത്യയിലെ സംസ്ഥാനങ്ങളെല്ലാം മധ്യസ്ഥ പ്രാർത്ഥനക്കായി വിവിധ സോണുകളെ ഏൽപിച്ചപ്പോൾ കാസർകോട് സോണിന് ലഭിച്ചത് അരുണാചൽ പ്രദേശ് ആയിരുന്നു. ആ മധ്യ

സ്ഥപ്രാർഥന കോ-ഓർഡിനേറ്റ് ചെയ്യാൻ ഞാൻ നിയുക്തനായത് ദൈവകൃപയുടെ മറ്റൊരടയാളം. 2001-ലെ ആദ്യ കൾചറൽ എക്സ്ചേഞ്ച് പ്രോഗ്രാമിനെത്തിയ രണ്ട് അരുണാചൽ സ്വദേശികളടക്കം 12 വടക്കു കിഴക്കൻ സംസ്ഥാനക്കാർക്ക് ആതിഥ്യമരുളുവാൻ സോണിന് സാധിച്ചുവെന്നതും അവരോടൊപ്പമായിരുന്ന് അവരുടെ നാടിനെ അറിയാൻ എനിക്കു സാധിച്ചു എന്നതും ദൈവകൃപതന്നെ. ഒടുവിൽ 2013 ഫെബ്രുവരി 15-ന് അരുണാചൽ പ്രദേശിലെ ഇറ്റാനഗർ രൂപതയിൽപ്പെട്ട മെംഗിയോ എന്ന ഇടവകയിലേക്ക് അസി. വികാരി ആയി എത്തുമ്പോൾ 15 വർഷം മുൻപ് ദൈവം എന്റെ ഹൃദയത്തിൽ നിക്ഷേപിച്ച സ്വപ്നം അത്ഭുതകരമായ വഴികളിലൂടെ യാഥാർഥ്യമാക്കുകയായിരുന്നു. ഏതാനും വർഷങ്ങൾക്കു മുൻപുതന്നെ എന്റെ പ്രവർത്തനമേഖല അരുണാചൽ പ്രദേശിലായിരിക്കുമെന്ന് അധികാരികളിൽ നിന്നു മനസ്സിലാക്കാൻ സാധിച്ചതുകൊണ്ടു തന്നെ വിളിയുടെ വഴികളിൽ എനിക്ക് സംശയം ഒട്ടുമുണ്ടായിരുന്നില്ല. കാരണം, ഞാൻ കണ്ട സ്വപ്നങ്ങൾ ദൈവിക പദ്ധതിയായരുന്നുവെന്ന് എനിക്ക് ഉറപ്പു ലഭിക്കുകയായിരുന്നു.

ഒരു ബിസിനസ്കാരനായിരുന്നു എന്ന് അറിയുന്നമാത്രയിൽ പലരും ചോദിക്കുന്ന ഒരു ചോദ്യമുണ്ട്, എന്തുകൊണ്ടാണ് ബിസിനസ് ജീവിതം ഉപേക്ഷിച്ച് ഈ വഴി തിരഞ്ഞെടുത്തത് എന്ന്. ഇവിടെയും പൗലോസ്ശ്ലീഹായുടെ വാക്കുകളാണ് എനിക്ക് നൽകുവാനുള്ള ഒന്നാമത്തെ ഉത്തരം. ക്രിസ്തുവിനോടുള്ള സ്നേഹം എന്നെ നിർബന്ധിക്കുന്നു. ഞാൻ അനുഭവിച്ച ക്രിസ്തുവിനെ, ഞാൻ അനുഭവിക്കുന്ന ആനന്ദത്തെ മറ്റുള്ളവർക്കും അനുഭവവേദ്യമാക്കിക്കൊടുക്കണമെന്ന അതിയായ ആഗ്രഹം. ബനഡിക്ട് പതിനാറാമൻ മാർപാപ്പ പറയുന്നതുപോലെ ഒരു വലിയ സന്തോഷത്തെ പകർന്നുകൊടുക്കാതിരിക്കാൻ നമുക്കു സാധിക്കുകയില്ല എന്നുതന്നെയാണ് എന്റെയും വിശ്വാസം.

രണ്ടാമതായി, മാമ്മോദീസ സ്വീകരിച്ച ഓരോ വ്യക്തിയും ഒരു മിഷനറിയാണെന്ന സഭാ പ്രബോധനത്തോട് ദൈവത്തിലാശ്രയിച്ച് ഭാവാത്മകമായി പ്രതികരിക്കാനുള്ള എന്റെ തീരുമാനം. ഒരു വൈദികൻ ആകുക എന്നതിലുപരി രാവും പകലും ഒരു മിഷനറിയായി ജീവിക്കുക എന്നതായിരുന്നു എന്റെ പ്രധാന ജീവിതലക്ഷ്യം. ആ വിളിയുടെ വഴിയിൽ എനിക്കു ലഭിച്ചതെല്ലാം അവന്റെ കൃപയുടെ ഫലങ്ങൾ. എല്ലാം അവൻ ദാനമായിത്തന്നത്. അതുകൊണ്ടുതന്നെ ഒന്നും പിടിച്ചുവയ്ക്കാതെ ദാനമായിത്തന്നെ നൽകാൻ അവൻ എന്നെ നിർബന്ധിക്കുന്നു.

അവൻ എന്റെ ശുശ്രൂഷയ്ക്കായി ഭരമേൽപിച്ചിരിക്കുന്ന സമൂഹത്തെക്കുറിച്ചുകൂടി അൽപം പറഞ്ഞ് ഞാനീ കുറിപ്പ് അവസാനിപ്പിക്കുകയാണ്.

ഞങ്ങൾ മൂന്നു വൈദികരാണ് മെംഗിയോ എന്ന ഈ ഇടവകയിലുള്ളത്. ഇടവക ദേവാലയം കൂടാതെ 22 വില്ലേജുകളും അവിടെങ്ങളിലായി 17 കൊച്ചുപള്ളികളുമാണ് ഞങ്ങൾക്കുള്ളത്. ഓരോ വില്ലേജിലും 5 മുതൽ 35 വരെ കത്തോലിക്കാ കുടുംബങ്ങൾ ഉണ്ട്. ഏറ്റവും അകലെയുള്ള വില്ലേജിലേക്ക് 10 മണിക്കൂർ നടപ്പ് ദൂരമുണ്ട്. സാധാരണയായി വർഷത്തിൽ മൂന്നോ നാലോ കുർബാനമാത്രമേ വില്ലേജിലെ പള്ളികളിൽ ഉണ്ടാവുകയുള്ളൂ. ഞങ്ങളുടെ ഏറ്റവും അടുത്ത ടൗൺ അസമിലാണ്. അവിടേക്ക് 7 മണിക്കൂർ ജീപ്പിൽ സഞ്ചരിക്കണം. 170 കിലോമീറ്റർ ദൂരമേ ഉള്ളൂവെങ്കിലും പാത അത്ര സുഖകരമല്ല. രണ്ടു നേരം മാത്രം ഭക്ഷണം കഴിക്കുന്നവരാണ് ഗോത്രവർഗക്കാർ. നിഷി ഗോത്രത്തിൽപ്പെട്ടവരാണവർ. സ്വന്തമായ ഭാഷയും സംസ്കാരവും ഓരോ ഗോത്രത്തിൽ നിന്നും മറ്റൊന്നിനെ വ്യത്യസ്തമാക്കുന്നു. വിദ്യാഭ്യാസം, രോഗീ ശുശ്രൂഷ മേഖകളിൽ ഏറെ ചെയ്യുവാനുണ്ട്.

മിഷൻ പ്രദേശങ്ങളെയും പ്രവർത്തനങ്ങളെയും പരിചയപ്പെടാൻ ആഗ്രഹിക്കുന്ന ഏവർക്കും സ്വാഗതം. നിങ്ങൾ ആരുമായിക്കൊള്ളട്ടെ നിങ്ങളുടെ തൊഴിൽ മേഖല എന്തുമായിക്കൊള്ളട്ടെ നിങ്ങൾക്ക് മാത്രം ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ കർത്താവ് നിങ്ങൾക്ക് കാട്ടിത്തരും. ഒരാഴ്ചത്തേക്കോ, ഒരു മാസത്തേക്കോ, ഒരു വർഷത്തേക്കോ അതിൽ കൂടുതലോ ഒക്കെ നിങ്ങൾക്ക് ഞങ്ങളോടൊപ്പം കഴിയാം. നാലായിരത്തോളം വരുന്ന കത്തോലിക്കാ വിശ്വാസികളെ പരിശീലിപ്പിക്കുവാൻ മൂന്ന് വൈദികർ വളരെ പരിമിതമാണ്. നിങ്ങളുടെ പ്രാർഥനകളിൽ ഞങ്ങളെ ഓർക്കുക, ദൈവത്തോട് ചേർന്നു നിന്ന് സ്വപ്നം കാണുക. അത് സാക്ഷാത്ക്കരിക്കുന്ന ദൈവത്തിന്റെ കരം നിങ്ങൾ ദർശിക്കും.



## കവർസ്റ്റോറി

സുനിൽ തോപ്പുംപടി

# എന്തുകൊണ്ട് ആ മൂന്നാർ യാത്ര മുടങ്ങി?



ജീവിതത്തിൽ ഒട്ടേറെ പ്രതിസന്ധികളെ തരണം ചെയ്യാൻ കർത്താവിന്റെ കരം പിടിച്ചു മുന്നേറുമ്പോൾ നമ്മുടെ പ്രശ്നങ്ങളെല്ലാം ഒന്നുമല്ലാതായിത്തീരും. ഞാൻ എന്നെത്തന്നെ പരിചയപ്പെടുത്താം. എന്റെ പേര് സുനിൽ, എറണാകുളം തോപ്പുംപ്പടി സ്വദേശിയാണ്. ഭാര്യ മേരി അഞ്ജുവും രണ്ട് കുട്ടികളും (മരിയ, ഇമ്മാനുവേൽ) അടങ്ങുന്ന സന്തുഷ്ടമായ കുടുംബം.

ഒരു സാധാരണ യുവാവിനെപ്പോലെ തന്നെ ജീവിക്കാൻ ഇഷ്ടപ്പെട്ട ആളായിരുന്നു ഞാൻ. ജീവിതത്തിൽ പ്രത്യേകിച്ച് ലക്ഷ്യങ്ങളൊന്നുംതന്നെ ഉണ്ടായിരുന്നില്ല. പത്താം ക്ലാസ്സോടുകൂടി പഠനം ഉപേക്ഷിച്ചു. പിന്നീട് ചെറിയ ഇലക്ട്രിക് വർക്കുകൾ ചെയ്ത് ജീവിതം വളരെ ആഘോഷമാക്കി മുന്നോട്ടുപോയി. ഈ സമയത്തിനുള്ളിൽ ദിശമാറി ഓടിയ ഓട്ടക്കാരനെപ്പോലെയായി ഞാനും. ഒട്ടേറെ ദു:ശീലങ്ങൾക്കടിമയായി മാറി. നല്ലൊരു ജോലിയില്ലാത്തതും പ്രായമേറുന്നതുമെല്ലാം; എനിക്കു ജീവിതത്തിൽ നിരാശമാത്രം സമ്മാനിച്ചു. വിവാഹാലോചനകൾ ഒന്നും തന്നെ ശരിയായി വന്നില്ല. അങ്ങനെയിരിക്കെ, എന്റെ ഒരു സുഹൃത്ത് അദ്ദേഹത്തിന്റെ ബന്ധുവായ ഷാജിചേട്ടൻ വഴി കെയ്റോസ് യൂത്ത് റിട്രീറ്റിൽ പങ്കെടുക്കുവാനിടയായി. ധ്യാനം കൂടി തിരികെയെത്തിയപ്പോൾ ഈ സുഹൃത്തുവഴിയായി



ഞാൻ ഷാജിചേട്ടനെ പരിചയപ്പെട്ടു. എന്റെ ജീവിതം മാറ്റിമറിക്കുവാൻ ദൈവം ഷാജി ച്ചേട്ടനെ ഉപകരണമാക്കി മാറ്റുകയായിരുന്നു. അങ്ങനെ ചേട്ടന്റെ നിർബന്ധത്തിനു വഴങ്ങി അടുത്ത കെയ്റോസ് യൂത്ത് റിട്രീറ്റിൽ പ ങ്കെടുക്കുവാൻ ഞാൻ തീരുമാനിച്ചു. സിഗരറ്റ് കെട്ടുകൾ ബാഗിനുള്ളിൽ ഒളിപ്പിച്ച് രണ്ടാം ദിവസം പുറത്തുചാടാം എന്ന ചിന്തയോടെ ഞാൻ യാത്രയായി. 2007-ൽ അങ്ങനെ കെയ്റോസ് യൂത്ത് റിട്രീറ്റിൽ ഞാൻ പ ങ്കെടുത്തു. പറഞ്ഞുറപ്പിച്ചതുപോലെ ധ്യാന ത്തിന്റെ രണ്ടാം ദിവസം മൂന്നാറിലേക്ക് യാത്ര പോകുന്നതിനായി സുഹൃത്ത് എത്തുന്നതും കാത്തിരിക്കുകയായിരുന്നു ഞാൻ. പക്ഷേ, എന്റെ പ്രതീക്ഷയ്ക്കു വിപരീതമായി ആരും എത്തിയില്ല. ഈ സമയം മതിയായിരുന്നു കർത്താവിന് കൈവിട്ടുപോയ കരം വീണ്ടും അവിടുത്തോട് ചേർക്കാൻ. നവീകരണത്തി ലേക്കുള്ള എന്റെ ആദ്യ ചവിട്ടുപടിയായി മാറി ആ ധ്യാനം. പ്രത്യക്ഷത്തിൽ മാറ്റങ്ങ ളൊന്നും തന്നെ എനിക്കുകാണുവാൻ കഴി യുമായിരുന്നില്ല. പക്ഷേ, എന്നിലുള്ള പ ഴയമനുഷ്യനെ ഉരിഞ്ഞുമാറ്റി പുതിയയൊരു മനുഷ്യനെ ധരിക്കുവാൻ ഈ ധ്യാനത്തി ലൂടെ ഇടയായതായി ഞാൻ മനസ്സിലാക്കി, എന്റെ ദു:ശീലങ്ങളെല്ലാം ഞാൻ അവിടെ ഉപേക്ഷിച്ചു. ഈശോയുടെ സ്നേഹസ്പ ർശമേറ്റപ്പോൾ അവിടുന്നിൽ നിന്നുമെന്നെ അകറ്റുന്ന ദുശീലങ്ങൾ അവസാനിപ്പിക്കാ തിരിക്കുവാൻ എനിക്കു സാധിക്കുമായിരു ന്നില്ല.

ഞാനനുഭവിച്ച ഈശോയെ എന്റെ സുഹൃ ത്തുക്കൾക്കും പകർന്നുകൊടുക്കുവാൻ ഞാൻ തീരുമാനിച്ചു. ഞങ്ങളുടെ ഇടവക യിൽ പ്രയർഗ്രൂപ്പ് പുനരാരംഭിച്ചുകൊണ്ട് അതിനു തുടക്കം കുറിക്കുവാൻ എനിക്കിട യായി. ഇപ്പോഴും അതുതുടർന്നു പോകുന്നു. പിന്നീടുള്ള കെയ്റോസ് റിട്രീറ്റുകളിലേക്കു കൂടുതൽ ആളുകളെ പറഞ്ഞയയ്ക്കുവാൻ എനിക്കുകഴിഞ്ഞു. വിശുദ്ധകുർബാനയിൽ കൂടുതൽ തീക്ഷ്ണതയോടുകൂടി പങ്കെടു ക്കുവാൻ ദൈവം എന്നെ അനുഗ്രഹിച്ചു. വ്യക്തിപരമായ പ്രാർഥനയിൽ കൂടുതൽ അഭിവൃദ്ധിപ്പെടാനും എന്റെ വിശ്വാസം അടിയുറപ്പിക്കുവാനും ഇതു കാരണ മായി. പല ഉത്തരവാദിത്തങ്ങളും എന്നെ തേടിയെത്തി. കെയ്റോസ് യൂത്ത് റിട്രീറ്റിന്റെയും കൊച്ചി സബ്സോണിന്റെയുമൊക്കെ ടീമുകളിലേക്ക് ദൈവാനുഗ്രഹ ത്താൽ തിരഞ്ഞെടുക്കപ്പെട്ടു. ഇതിനിടയിൽ മേരി അഞ്ജു വിനെ ദൈവമെനിക്കു ജീവിതസഖിയായി നൽകി. മക്കളായി മരിയയെയും, ഇമ്മാനുവ ലിനേയും നൽകി അവിടുന്നെന്നെ സമൃദ്ധ മായി അനുഗ്രഹിച്ചു. അനേകമാളുകൾക്ക് ഈശോയെ പകർന്നുകൊടുക്കുവാൻ അവി ടുന്നെന്നെ ഉപകരണമാക്കി മാറ്റി. ദൈവ ത്തോട് ചേർന്നുനിൽക്കുവിൻ അപ്പോൾ അവിടുന്നു നിങ്ങളോടും ചേർന്നു നില്ക്കും (യാക്കോബ് 4:8) ജീവിത പ്രതിസന്ധിക ളിൽ കർത്താവിന്റെ കരം പിടിക്കുവാൻ നമുക്കോരോരുത്തർക്കും കഴിയട്ടെ എന്നു പ്രാർഥിക്കുന്നു.



## കവർസ്റ്റോറി

റെജി കരോട്ട്

# കൃഷിയെന്ന ദൈവാനുഭവം


കൃഷി ഒരു പ്രാർഥനയാണെന്ന് തോന്നിത്തുടങ്ങിയത് എന്നാണെന്നറിയില്ല. പക്ഷേ, ഓർമവച്ചപ്പോൾ മുതൽ എനിക്ക് കൃഷി ഇഷ്ടമാണ്. വിദ്യാർഥിയായിരിക്കുമ്പോൾ മാതാപിതാക്കളോടൊപ്പം പറമ്പിൽ നട്ടും നനച്ചും നടന്നത് ഇന്നും ഓർമയുണ്ട്. പഠനത്തിനുശേഷം ജോലിയിൽ പ്രവേശിച്ചപ്പോൾ കൃഷി എങ്ങനെ മുന്നോട്ടു കൊണ്ടുപോകുമെന്ന ആശങ്കയുണ്ടായിരുന്നു. മാത്രമല്ല, ഒരുപാട് സമയം ജീസസ്‌യൂത്ത് കാര്യങ്ങൾക്കായും നീക്കിവയ്ക്കേണ്ടിയിരുന്നു.

പക്ഷേ, കൃഷിയെ കൈവിടാൻ എനിക്കാകുമായിരുന്നില്ല. കാരണം മണ്ണിന്റെ മണവും ഇലകളുടെ പച്ചപ്പുമെല്ലാം അത്രമേൽ എന്റെ ജീവിതത്തിന്റെ ഭാഗമായിരുന്നു. ഒരുപക്ഷേ, മണ്ണിൽ പണിയുമ്പോൾ ഞാൻ എന്നെത്തന്നെ കൂടുതൽ കണ്ടെത്തിയിരുന്നെന്ന് പറയാം.

അങ്ങനെ അധ്യാപന ജോലിക്കിടയിലും ഞാൻ വീണ്ടും കൃഷി ആരംഭിച്ചു. സഹായത്തിനായി ചില നല്ല ജോലിക്കാരെയും എനിക്കുലഭിച്ചു. ആദ്യം വാഴക്കൃഷിയിലേക്കാണ് കടന്നത്. ആദ്യവർഷം 165 വാഴ നട്ടു. ഒരുദിവസം ജീസസ് യൂത്ത് പ്രോഗ്രം കഴിഞ്ഞുവന്നപ്പോൾ കണ്ടത് ഞെട്ടിപ്പിക്കുന്ന കാഴ്ചയാണ്. വാഴകൾ മുഴുവൻ വെള്ളത്തിലായിരിക്കുന്നു. തുടർച്ചയായ മഴയായിരുന്നു ആ ദിവസങ്ങളിൽ. ചെറുതായി ചീയാനും തുടങ്ങിയിട്ടുണ്ട്. ഇനി എന്തുചെയ്യുമെന്ന ചിന്തയായി. ഞാൻ എന്റെ വാഴകൾക്കായി പ്രാർഥിക്കാനാരംഭിച്ചു. രണ്ടുമൂന്നു ദിവസത്തിനുള്ളിൽ മഴ ശമിച്ചു. പണിക്കാരൻ ചേട്ടന്റെ അഭിപ്രായപ്രകാരം അൽപം വളവും ചെയ്തു. ഇത്രയൊക്കെ ചെയ്തിട്ടും ഫലമുണ്ടാകുമോ എന്ന ആശങ്കയിലും പ്രാർഥനയിലുമായിരുന്നു ഞാൻ.

അങ്ങനെ രണ്ടാഴ്ച കഴിഞ്ഞപ്പോൾ വാഴകളിൽ പച്ചപ്പുമുളച്ചുതുടങ്ങി. പ്രതീക്ഷയുടെ നാമ്പ് വളരുകയാണ്. എങ്കിലും ഉടൻ മറ്റൊരു പ്രശ്നവുമെത്തി. തണ്ടുതുരപ്പന്റെ ശല്യം. ഇതിന് പരിഹാരമായി ഫ്യൂറഡാൻ അല്ലാതെ മറ്റൊരു മാർഗമില്ലത്രേ. ഏതായാലും ഈ വിഷം എന്റെ പറമ്പിൽ ഉപയോഗിക്കില്ല എന്നുഞാൻ തീരുമാനിച്ചിരുന്നു. പലരെയും കണ്ട് ഉപദേശം വാങ്ങി. ചില ജൈവമിശ്രിതങ്ങൾ മാത്രമാണ് തണ്ടുതുരുപ്പനെ തുരത്താൻ പ്രയോഗിച്ചത്. മറ്റൊരിക്കലും ഉണ്ടാകാത്തപോലെ എന്റെ കൃഷിയോട് വല്ലാത്തൊരു വൈകാരിക അടുപ്പമാണ് അന്നെനിക്കുണ്ടായത്. വാഴകളുടെ ഇടയിലൂടെ ജപമാലയും ചൊല്ലി ഞാൻ മണിക്കൂറുകൾ നടന്നിട്ടുണ്ട്. അവസാനം പ്രാർഥന ഫലിച്ചു. ഒരു വാഴയെപ്പോലും ബാധിക്കാതെ തണ്ടുതുരപ്പൻ ഒഴിവായി. നല്ല വിളവായിരുന്നു. ശരാശരി 22 കിലോ തൂക്കമുണ്ടായിരുന്നു കുലകൾക്ക്.

ഈ വാഴക്കൃഷി എന്നെ ഒരുപാട് ബോധ്യങ്ങളിലേക്ക് നയിച്ചു. കർഷകനു മറ്റാരെയുംകാൾ ദൈവാശ്രയത്വം കൂടുതലായിരിക്കുമെന്ന് എനിക്കു മനസ്സിലായി. പലപ്പോഴും മനുഷ്യനു നിയന്ത്രിക്കാനാകാത്ത സന്ദർഭങ്ങളാണ് കർഷകനെ കാത്തിരിക്കുന്നത്. മഴ, കാറ്റ്, വരൾച്ച, കീടബാധകൾ... അങ്ങനെ





എന്തെല്ലാം. ചിലപ്പോൾ എന്തുചെയ്താലും അതൊന്നും ഫലംകാണുകയുമില്ല.

പിന്നെ കൃഷി പോലെ പ്രകൃതിയോടടുത്തുനിൽക്കുന്ന മറ്റെന്തുണ്ട്? അതായത് ദൈവത്തിന്റെ സൃഷ്ടികർമത്തിൽ നമ്മൾ നേരിട്ടു പങ്കാളികളാകുന്നപോലെ. പ്രകൃതിയുടെ സാന്നിധ്യം നമ്മുടെ ജീവിതത്തിൽ ശക്തമായി അനുഭവപ്പെടും.

ഞാൻ വീണ്ടും വാഴക്കൃഷി ചെയ്തു. 500, 1000, 1300 എന്നിങ്ങനെ വാഴകളുടെ എണ്ണം കൂടിവന്നു. കപ്പയും പാവൽ, പയർ തുടങ്ങിയ പച്ചക്കറികളും കൃഷി ചെയ്തു. കഴിഞ്ഞ സീസണിൽ കപ്പയായിരുന്നു. മഴയത്ത് കപ്പ നട്ടാൽ ഉണ്ടാകില്ല എന്ന് പലരും അഭിപ്രായപ്പെട്ടിരുന്നു. എങ്കിലും എന്റെയൊരു വിശ്വാസം അനുസരിച്ച് 49 സെന്റിൽ കപ്പ നട്ടു. 3500 കിലോയാണ് പറിച്ചത്. നല്ല വിലയും കിട്ടി.

കൃഷിയിൽ ശരിയായ തീരുമാനങ്ങളെടുക്കാൻ കർത്താവ് ശക്തിപ്പെടുത്തിയ അവസരങ്ങൾ വേറെയുമുണ്ട്. ഒരുവർഷം കാറ്റിൽ എന്റെ 40 റബറുകൾ നിലംപൊത്തി. വെട്ടിക്കൊണ്ടിരുന്ന മരങ്ങളായിരുന്നു. ഒരുപാട് വിഷമംതോന്നിയെങ്കിലും ഉടൻ ഞാൻ മറ്റൊരു തീരുമാനമെടുത്തു. അത്രയും സ്ഥലത്ത് ഇഞ്ചി നടുക. സാധാരണ 10 ക്വിന്റൽ വിളവ് കിട്ടേണ്ട സ്ഥാനത്ത് 23 ക്വിന്റലാണ് വിളഞ്ഞത്. പറമ്പിൽ ജാതി, തെങ്ങ്, കമുക് തുടങ്ങിയവയുമുണ്ട്.

ഒരിക്കലും നിറംമങ്ങാത്ത തൊഴിലാണ് കൃഷി. ജീവന്റെ നിലനിൽപ് ഇത്രയും ആശ്രയിച്ചിരിക്കുന്ന മറ്റൊരു ജോലിയുമില്ല. ആഹാരം കഴിക്കാതെ ജീവിക്കാനാവില്ല എന്ന യാഥാർഥ്യം നിലനിൽക്കുന്നിടത്തോളം കാലം കൃഷി സ്ഥലങ്ങൾ നമുക്ക് ഒഴിച്ചിടാനാകില്ലല്ലോ. കൃഷി നടത്തിയേ പറ്റൂ... അതിനെല്ലാം ഉപരിയായി നമ്മുടെ അധ്വാനം നെല്ലായും പയറായും പാവലായുമെല്ലാം മാറുന്നതിലെ ദൈവാനുഭവം പറഞ്ഞാൽ തീരാത്തതല്ലേ?

*(കോഴിക്കോട് കൂടത്തായി സെന്റ് മേരീസ് ഹൈസ്കൂളിലെ അധ്യാപകനാണ് ലേഖകൻ)*

അനുഭവം

വിനീത വർഗീസ്

# വി. കുർബാനയുടെ ശക്തിയും മാതാവിന്റെ സംരക്ഷണവും

ഓർമവച്ചനാൾ മുതൽ കുടുംബസമേതം ഞങ്ങൾ എല്ലാവരും മലയാറ്റൂർ മല കയറുകയും വി. കുർബാനയിൽ പങ്കുകൊള്ളുകയും ചെയ്യുമായിരുന്നു. എന്നാൽ ഈ വർഷം കാലിന് വേദനയും നടക്കുവാനുള്ള ബുദ്ധിമുട്ടും. അതോടൊപ്പം കുഞ്ഞിന്റെ പനിയും കാരണം പോകണ്ട എന്നു തീരുമാനിച്ചു. പക്ഷേ, മലയാറ്റൂർ തിരുനാളിന്റെ (എട്ടാമിടം) അവസാനദിവസം, പോകാമെന്നുവച്ചു. രാത്രിയിൽ ഞങ്ങൾ മല കയറി. ഒന്നര വയസുള്ള മകൻ യാതൊരു ബുദ്ധിമുട്ടും കൂടാതെ ഓരോ കുരിശിന്റെ വഴിസ്ഥലത്തും കുരിശുമുത്തി മല കയറി. പക്ഷേ, എന്റെ കാലിന്റെ വേദനയ്ക്കു യാതൊരു മാറ്റവും ഇല്ലാതെ – അസഹ്യമായ വേദനയോടെ മുകളിൽ എത്തി. 12.00 മണിക്കുള്ള വി. കുർബാനയ്ക്ക് ഞങ്ങൾ 'സന്നിധി'യിൽ എത്തി. ആഘോഷമായ പാട്ടുകുർബാനയിൽ എല്ലാവരും പങ്കുകൊണ്ടു. വി. കുർബാന സ്വീകരണത്തിനായി എഴുന്നേറ്റപ്പോൾ എനിക്ക് അല്പംപോലും മുന്നോട്ട് നടക്കുവാൻ സാധിച്ചില്ല. അടുത്തുനിന്ന് മമ്മി കൈ പിടിച്ചപ്പോഴും രണ്ടടിയിൽ കൂടുതൽ നടക്കാൻ സാധിച്ചില്ല. തിരികെ ചെന്ന് ഇരിക്കുവാൻ ഒരുങ്ങിയ എന്നെ മമ്മി കൈപിടിച്ച് നടത്തി മുൻനിരയിൽ കൊണ്ടുവന്നു. വേദനകൊണ്ട് ഞാനറിയാതെ എന്റെ കണ്ണു നിറഞ്ഞൊഴുകി. വി. കുർബാന സ്വീകരണശേഷം അല്പസമയം പ്രാർഥിച്ചു. വേദന മാറുവാനായി ഫിസിയോതെറാപ്പി ചെയ്തതും വെറുതെ ആയോ എന്നു ചിന്തിച്ചു.

വി. കുർബാനയ്ക്കുശേഷം വൈദികന്റെ അടുത്തുചെന്നു. തലയിൽ കൈകൾവച്ച് പ്രാർഥിച്ച് വൈദികൻ ഞങ്ങളെ അനുഗ്രഹിച്ചു. പിന്നീട് മല ഇറങ്ങുന്നതിന് എനിക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടായില്ല. ദൈവത്തിന്റെ അനുഗ്രഹവും തോമാശ്ലീഹയുടെ മാധ്യസ്ഥവും കൊണ്ട് ഇതുവരെ കഠിനമായ വേദന ഉണ്ടായിട്ടില്ല.

സാവധാനം ഞങ്ങൾ മലയിറങ്ങി, ഏകദേശം വെളുപ്പിന് 3.30–ന് യാത്ര തിരിച്ചു. ഭക്തി



ഗാനം കേട്ടുകൊണ്ട് എല്ലാവരും കാറിലിരുന്നു. കുറച്ചുനേരം കളിച്ചതിനുശേഷം മോനുറങ്ങി. അങ്കിളിനോട് സംസാരിച്ചുകൊണ്ട് ഭർത്താവും കാർ ഡ്രൈവ് ചെയ്തുകൊണ്ടിരുന്നു. പക്ഷേ, ക്ഷീണത്താൽ എല്ലാവരും ഉറങ്ങി. മലയാറ്റൂർ അടിവാരത്തുനിന്ന് ഒരു ബനഡിക്ടൻ കുരിശു വാങ്ങി കൈയിൽ പിടിച്ചു ഒരല്പനേരം പ്രാർഥിച്ചിരുന്നു. പെട്ടെന്ന് റോഡിലേക്കു നോക്കിയപ്പോൾ ഇടതുവശത്തുകൂടി പോകേണ്ട കാർ ട്രാക്ക് മാറി വലതുവശത്തേക്ക് പോകുന്നു. പെട്ടന്നുതന്നെ നിർത്തിയിട്ടിരുന്ന ലോറിയുടെ അടുത്തേക്ക് വളരെ വേഗത്തിൽ കാർ പോകുന്നു. അതിന്റെ വശത്തുകൂടി ഒരു ചേട്ടൻ സൈക്കിളിൽ പോകുന്നു. പെട്ടന്ന് ഞാൻ ഭർത്താവിന്റെ ഷർട്ടിൽ പിടിച്ചുവലിച്ചു. കാറിന്റെ നിയന്ത്രണം ഏറ്റെടുത്ത് – കാറിലിരുന്ന എല്ലാവരും ഉറക്കെ ഈശോയെ എന്ന് വിളിച്ചു. ഉറങ്ങിക്കിടന്ന കുഞ്ഞും കരയാൻ തുടങ്ങി. ഒരല്പം മാറ്റി കാർ നിർത്തി, എല്ലാവരും വെളിയിലിറങ്ങി. കുറച്ചുനേരത്തേക്ക് ആർക്കും ഒന്നും സംസാരിക്കാൻ സാധിക്കാതെയായി. പിന്നീട് സാവധാനത്തിൽ സുരക്ഷിതരായി വീട്ടിൽ എത്തി. ഒരു സെക്കന്റുകൊണ്ട് എന്തൊക്കെ സംഭവിക്കുമായിരുന്നു!

യാത്ര തുടരുന്നതിനുമുമ്പ് കൊന്തചൊല്ലിയും എത്രയും ദയയുള്ള മാതാവേ ചൊല്ലിയും കൂടെ യാത്രചെയ്യുന്നവരെയും, മറ്റു വാഹനങ്ങളെയും സമർപ്പിച്ച് പ്രാർഥിച്ചതിനുശേഷമാണ് ഞങ്ങൾ യാത്ര തുടങ്ങിയിരുന്നത്. സങ്കീർത്തനം 91, 34 എന്നിവ ചൊല്ലിയാണ് ഞങ്ങൾ യാത്രകൾ ആരംഭിക്കുന്നത്. വി. കുർബാനയുടെ പരമമായ ശക്തിയും മാതാവിന്റെ സംരക്ഷണവും എത്രമാത്രമാണെന്ന് ഒരിക്കൽകൂടി ഞാൻ ഈ അനുഭവത്തിലൂടെ തിരിച്ചറിയുകയായിരുന്നു.

*ലേഖിക എം.ജി. യൂണിവേഴ്സിറ്റി റിസർച്ച് സ്കോളറാണ്.*


## അനുഭവം

സെസ്ന ജോബി, നാലുകെട്ട്

# വീഴ്ചയിൽ താങ്ങും ദൈവം

യേശുവിനെ രക്ഷകനായി സ്വീകരിച്ച് പ്രാർഥനയിലും ഭക്തിയിലും നടന്നിരുന്ന എന്നിൽ, ഈയടുത്ത നാളുകളിൽ ആത്മീയ തളർച്ച വന്നിരുന്നു. ആത്മീയ മേഖലയെക്കാളുപരിയായി ഭൗതിക സാഹചര്യങ്ങൾക്കു ഞാൻ പ്രാധാന്യം കൊടുത്തു തുടങ്ങി. എന്നാൽ എന്റെ വിശ്വാസത്തെ വളർത്താൻ നോമ്പുകാലത്ത് ഒരു വലിയ അടയാളം അവിടുന്ന് എനിക്കു നല്കി. ഏപ്രിൽ 14-ാം തിയ്യതി ഞങ്ങളുടെ പുതിയ വീടിന്റെ വെഞ്ചരിപ്പാണ്. പണത്തിന്റെ ബുദ്ധിമുട്ട് നേരിട്ടുകൊണ്ടിരിക്കുന്ന സമയം, പണവും മനുഷ്യസഹായവുമില്ലെങ്കിൽ ഒന്നും ചെയ്യാൻ സാധിക്കുകയില്ലല്ലോ എന്ന ചിന്ത, ഇവ രണ്ടും എന്നെയും ഭർത്താവിനെയും അലട്ടിയിരുന്നു. ഞങ്ങൾക്ക് രണ്ടു മക്കളുണ്ട്. മൂന്നര വയസ്സുള്ള മേഘ്നയും ഒരു വയസ്സുള്ള മിലനും.

ഞങ്ങൾ ഭർത്താവിന്റെ ചേട്ടന്റെ വീട്ടിലാണ് താമസിക്കുന്നത്. വീട്ടിൽനിന്നും സാധനങ്ങൾ പുതിയ വീട്ടിലേക്ക് മാറ്റുകയായിരുന്നു. എല്ലാ ദിവസവും 91-ാം സങ്കീർത്തനം 'കർത്താവിന്റെ സംരക്ഷണം' ചൊല്ലി പ്രാർഥിക്കാറുണ്ടായിരുന്നു. ചേട്ടന്റെ വീടിന്റെ അകത്തേ കോണിക്ക് കൈവരി പിടിപ്പിച്ചിട്ടില്ലായിരുന്നു. കോണി കയറി ചെല്ലുന്ന സ്ഥലത്തിന്റെ സൈഡിൽ ഇഷ്ടിക ഉപയോഗിച്ച് കെട്ടിയ ഒരു പൊക്കം കുറഞ്ഞ ഭിത്തിയുണ്ട്. മാർച്ച് 17-ാം തിയ്യതി വൈകിട്ട് മൂന്നരയോടെ മുകളിലത്തെ നിലയിൽ അടിച്ചുവാരിയതിനു ശേഷം ചൂല് ഈ ഭിത്തിയിൽ ചാരി താഴേക്കിട്ടു. ഭിത്തി അടർന്ന് താഴേക്ക്, ഒപ്പം ഞാനും. സ്റ്റെപ്പിൽ വന്ന് കമിഴ്ന്നു വീണു തട്ടി; അവിടെനിന്നും മലർന്നു താഴേക്ക്, അത്ഭുതമെന്നു പറയട്ടെ താഴേക്ക് വീണപ്പോൾ ആ ഭാഗത്തുള്ള മുറിയുടെ വാതിൽക്കലേക്ക് ആരോ എന്നെ എടുത്തുകിടത്തിയതുപോലെയാണ് തോന്നിയത്. വാതിലിന്റെ രണ്ട് സൈഡിലും ഭിത്തിയാണ്. അവിടെ തട്ടാതെ യേശു നേരെ എന്നെ എടുത്തുകിടത്തി. ശ്വാസംകിട്ടാതെ പിടഞ്ഞു. അമ്മ വീട്ടിലുണ്ടായിരുന്നു. അമ്മ നെഞ്ചെല്ലാം തിരുമ്മിത്തന്നു. ശ്വാസം കിട്ടി നിവർന്നുകിടന്നപ്പോൾ ഇടതുവശത്തെ ചെവിയിലൂടെ



ശക്തമായ വേദന, ഇടതുവശത്തെ മുഖം നീരു വച്ചു; വലതുകാൽ അനക്കാൻ പറ്റുന്നില്ല. വയറിന്റെ വലതുവശം വേദന. നാട്ടുകാരെല്ലാം ഓടിയെത്തി. ചുറ്റും നിന്നവർ പറയുന്നു - 'എന്റെ കാര്യം കഴിഞ്ഞു', അമ്മ അലമുറയിട്ടു കരയുന്നു, എന്റെ രണ്ടു മക്കൾ ഈ സമയം ഉറങ്ങുകയായിരുന്നു.

എന്റെ മനസ്സിൽ കർത്താവിന്റെ തിരുവചനങ്ങൾ ഞാൻ പറഞ്ഞുകൊണ്ടിരുന്നു. ഞാൻ പ്രാർഥിച്ചു - 'കർത്താവേ എന്റെ രണ്ട് പിഞ്ചോമന മക്കളെയും ഭർത്താവിനെയും നീ കാക്കണമേ. ഈ വേദനകളെല്ലാം ഞാൻ സഹിച്ചുകൊള്ളാം. അങ്ങേക്കു കിട്ടിയ ഒരു ചാട്ടവാറടിയുടെ വേദന പോലും എനിക്കില്ല. എന്നെ സഹായിക്കണമേ'. ഞാൻ ആത്മധൈര്യം വീണ്ടെടുത്തു. മനസ്സിൽ ആരോ പറയുന്നതുപോലെ തോന്നി - 'നിനക്ക് ഒന്നും സംഭവിക്കുകയില്ല. നിനക്കു ഞാൻ പുതിയ രക്തം നല്കും. മാംസങ്ങൾ ജീർണിച്ചാലും പുതിയവ നൽകും. എല്ലുകൾ ഒടിഞ്ഞു നുറുങ്ങിയാലും പുതിയവ കിളിർത്തുവരും. ഭയപ്പെടേണ്ടാ, ഞാൻ നിന്റെ കൂടെയുണ്ട്'. കുറച്ചുനാളായി കാവൽമാലാഖയോട് ഞാൻ പ്രാർഥിക്കാറുണ്ടായിരുന്നു. നാം ഓരോരുത്തരുടെയും കൂടെ നമ്മുടെ കാവൽമാലാഖ ഒരു സംരക്ഷകയായി ഒപ്പം ഉണ്ടാകും.

എല്ലാവരും കൂടി എന്നെ ഹോസ്പിറ്റലിൽ എത്തിച്ചു. ചെവിക്ക് കുഴപ്പമില്ല എന്നാണ് ഡോക്ടർ പറഞ്ഞത്. സി.ടി. സ്കാനും എക്സ്റേയും എടുത്തു. വലതുകാലിന്റെ തുടയ്ക്കും വലതുകൈയ്ക്കും ചതവു മാത്രമേ പറ്റിയിട്ടുള്ളൂ. 'ദൈവത്തിനു മഹത്വം'.

പണമോ, മനുഷ്യരോ ഒന്നുമല്ല എന്നെ സഹായിക്കാൻ എത്തിയത്. എന്നെ ഇത്രയും വലിയ അപകടത്തിൽനിന്നും രക്ഷിച്ച യേശുവിന് ഞാൻ എന്തുനല്കും? എന്റെ ഹൃദയമോ, വീടോ, പണമോ...?

'അങ്ങാണ് അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന ദൈവം; ജനതകളുടെയിടയിൽ ശക്തി വെളിപ്പെടുത്തിയതും അങ്ങുതന്നെ' (സങ്കീ 77:14). ദൈവം അറിയാതെ ഒന്നും നമ്മുടെ ജീവിതത്തിൽ സംഭവിക്കുകയില്ല. നമുക്കു നൽകുന്ന ചെറിയ ചെറിയ വേദനകൾ നമ്മുടെ വിശുദ്ധീകരണത്തിനാണ്. ആകാശത്തിലൂടെ എത്ര ഉയരത്തിലും പറക്കുന്ന പക്ഷിയെ ഭൂമി തന്റെ ഗുരുത്വാകർഷണ വലയത്തിലേക്ക് വലിക്കുന്നതുപോലെ, നാം യേശുവിൽ നിന്ന് എത്ര അകലാൻ ശ്രമിച്ചാലും അവിടുന്ന് നമ്മെ ആ വലയത്തിലേക്ക് വലിച്ച് മാറോടണക്കുന്നു. അത്രയ്ക്കും ക്ഷമാശീലനും കരുണാമയനും സ്നേഹസമ്പന്നനുമാണ് യേശു.

അനുഭവം

അമൃതാ തോമസ്



# എനിക്കായി തുറന്ന സക്രാരി



ഒരുവർഷം ഈശോയ്ക്കുവേണ്ടി മിഷൻ പ്രവർത്തനം നടത്തിയ നാളുകൾ എന്റെ ജീവിതത്തിൽ ഏറ്റവും വിലപിടിച്ചതാണ്. ചെറിയ കാര്യങ്ങളിൽപോലും ദൈവപരിപാലന ദർശിക്കാനിടയായ ദിനങ്ങൾ. ക്രിസ്തുവിനുവേണ്ടി, തീക്ഷ്ണതയുള്ള ഒരു പടയാളിയെപ്പോലെ, ചെറുതെങ്കിലും അനേകം കാര്യങ്ങൾ ചെയ്യാൻ ദൈവമനുവദിച്ച നിമിഷങ്ങളെ ഓർക്കുമ്പോൾ എത്ര നന്ദി പറഞ്ഞാലും അധികമാവുകയില്ല. ഹൃദയത്തിൽ മധുരിക്കുന്ന ഒരു ഓർമയായി ഇന്നും സൂക്ഷിക്കുന്ന ഒരനുഭവം എന്നെ കോരിത്തരിപ്പിക്കാറുണ്ട്.

ആശുപത്രിചാപ്പലിൽ വച്ചു നടത്തുന്ന ദിവ്യകാരുണ്യ ആരാധനയ്ക്ക് എല്ലാ ദിവസവും പോകാറുണ്ടായിരുന്നു. അന്നൊരിക്കൽ പതിവുസമയമായപ്പോൾ ഓർമവന്നെങ്കിലും തിരക്കു കാരണം പോകാൻ മടി കാണിച്ചു. ഒടുവിൽ തിരക്ക് കഴിഞ്ഞ് ചാപ്പലിൽ എത്തുമ്പോൾ കണ്ട കാഴ്ച ഹൃദയഭേദകമായിരുന്നു. ഊതിക്കെടുത്തിയ തിരികളും അടഞ്ഞ സക്രാരിയും. എന്റെ ജോലിയെ ന്യായീകരിച്ചുകൊണ്ട് അവിടെനിന്ന് ഞാൻ തിരിച്ചുപോന്നു. രാത്രിയായിട്ടും മനസ്സിലെ ഭാരം മാറിയില്ല. അപ്പോഴാണ് ഹോസ്റ്റൽ ഇൻചാർജ് ആയ സിസ്റ്റർ അൾത്താര അലങ്കരിക്കാൻ ഞങ്ങളുടെ സഹായം ചോദിച്ചത്. ഈശോയുടെ തൊട്ടടുത്തിരുന്ന് പരിഭവമെല്ലാം പറഞ്ഞുതീർത്തപ്പോൾ എവിടെനിന്നോ മദർ സുപ്പീരിയർ വന്ന് രണ്ടുമൂന്നു മിനിറ്റ് നേരത്തേക്ക് സക്രാരി തുറന്നുവയ്ക്കുകയും പ്രാർഥിക്കുകയും ചെയ്തിട്ട് തിരിച്ചുപോയി. അപ്പോഴുണ്ടായ ആത്മീയ സന്തോഷം പറഞ്ഞറിയിക്കാൻ സാധിക്കില്ല. ഇന്നും ഞാൻ വിശ്വസിക്കുന്നു, എനിക്കു കാണുവാൻ വേണ്ടി മാത്രമാണ് ഈശോ മദറിനോട് സക്രാരി തുറക്കാൻ ആവശ്യപ്പെട്ടതെന്ന്. വ്യക്തിപരമായ പ്രാർഥനയിലൂടെ വളർത്തിയെടുത്ത ഈ ബന്ധമാണിന്നും എനിക്ക് സഹായമായി നിൽക്കുന്നത്. ഒരു നഴ്സിങ് കോളജിൽ പ്രെയർ ഗ്രൂപ്പു തുടങ്ങുന്നതിനായി പ്രസ്തുത കോളജിലെ കുട്ടികൾ കുർബാന അർപ്പിക്കാൻ വരുന്ന ഒരു ഇടവക സന്ദർശിക്കുകയുണ്ടായി. കുട്ടികളോട് എന്തു പറയണമെന്നോ എന്തു ചെയ്യണമെന്നോ അറിയില്ലായിരുന്നു. ബൈബിളെടുത്ത് പ്രാർഥിച്ചപ്പോൾ കിട്ടിയ വചനം ഇതാണ്: 'എഴുന്നേറ്റ് നഗരത്തിലേക്ക് പോകുക. നീ എന്താണ് ചെയ്യേണ്ടതെന്ന് അവിടെ വച്ച് നിന്നെ അറിയിക്കും' (അപ്പ 9:6). തിരുവചനത്തിൽ ആഴമായി വിശ്വസിച്ചു. അവിടുന്ന് അനുഗ്രഹങ്ങൾ അളവില്ലാതെ ചൊരിഞ്ഞു. അടച്ചിട്ട വാതായനങ്ങൾ ഞങ്ങൾക്കായി തുറന്നു. പ്രാർഥന കഴിഞ്ഞിറങ്ങിയപ്പോൾ വികാരിയച്ചൻ ഒത്തിരി നന്ദി പറഞ്ഞു. ഞങ്ങൾ നന്ദി പറയുന്നത് ദൈവത്തിനാണെന്നും ഞങ്ങളുടെ കടമ മാത്രമേ നിർവഹിച്ചുള്ളു എന്നും സ്നേഹപൂർവം അച്ചനോട് പറയിപ്പിച്ചത് പരിശുദ്ധാത്മാവാണ്. 'ഇങ്ങനെ എല്ലാവർക്കും തോന്നിയിരുന്നെങ്കിൽ...' എന്ന അച്ചന്റെ 'ഉറക്കെയുള്ള ആത്മഗതം' യുവഹൃദയങ്ങളിൽ പുത്തനുണർവിന്റെ തിരികൊളുത്തിയിരുന്നെങ്കിൽ...!

ബെറ്റി പോളി

# ചില്ലറക്കാര്യങ്ങൾ



ഡ്യൂട്ടി കഴിഞ്ഞ് വീട്ടിലേക്കുള്ള മടക്കയാത്രയിലാണ് ഞാൻ. പതിവുപോലെ ബസിലെ കണ്ടക്ടർക്ക് 10 രൂപ നോട്ടെടുത്തു കൊടുത്തു. കണ്ടക്ടർ ആ 10 രൂപ വാങ്ങി 2 രൂപ ചില്ലറയുണ്ടോ എന്നു ചോദിച്ചു. പെട്ടെന്ന് തന്നെ ഇല്ല എന്ന് ഞാൻ ഉത്തരവും പറഞ്ഞു. (7 രൂപയാണ് ബസ് ചാർജ്, 2 രൂപകൂടി കൊടുത്താൽ 5 രൂപ മടക്കിത്തരും) എന്റെ കൈയിൽ 2 രൂപ ഉണ്ടായിരുന്നു. പക്ഷേ ചില്ലറയുടെ ക്ഷാമം കാരണം ഞാൻ ബോധപൂർവം ഒരു നുണ പറഞ്ഞതാണ്.

കണ്ടക്ടറുടെ കൈയിൽ നിന്നു 3 രൂപ ബാക്കി വാങ്ങി ബസിൽ നിന്നും ഇറങ്ങി വീട്ടിലേക്ക് നടക്കുന്നതിനിടയിൽ മനസ്സിൽ ഒരു അസ്വസ്ഥത തോന്നി. ഒപ്പം പതിഞ്ഞ ശബ്ദത്തിൽ ഈശോയുടെ ഒരു ചോദ്യവും 'മോളേ, 2 രൂപയ്ക്കുവേണ്ടി ഇങ്ങനെ നുണ പറയണോ?' ഈശോയുടെ ചോദ്യത്തിന് മറുപടിയായി എനിക്ക് എന്റേതായ ന്യായവാദങ്ങൾ ഉണ്ടായിരുന്നു. ഞാൻ പറഞ്ഞു, ഈശോയെ, മക്കൾക്ക് എന്നും സ്കൂളിൽ പോകാൻ ചില്ലറ വേണം (മക്കൾ പ്രൈവറ്റ് ബസിലാണ് സ്കൂളിൽ പോകുന്നത് 1.50 പൈസയാണ് ബസ് ചാർജ്) കാന്റീനിൽ പോകുമ്പോഴും പാൽ വാങ്ങുമ്പോഴും എല്ലാം ചില്ലറ വേണം. എല്ലാവരും ഇങ്ങനെ ചില്ലറ ചോദിച്ചാൽ ഞാൻ എന്തു ചെയ്യും. അതുകൊണ്ടാണ് ഈശോയെ ആർക്കും ദോഷമില്ലാത്ത ഈ നുണ ഞാൻ പറഞ്ഞത്. ഇങ്ങനെയൊക്കെ ഈശോയോട് വാദപ്രതിവാദങ്ങൾ നടത്തിയെങ്കിലും മനസ്സിന്റെ അസ്വസ്ഥതകൂടിയതേയുള്ളൂ. ഒടുവിൽ ചില്ലറയ്ക്കുവേണ്ടി ഇനിമേലിൽ ഞാൻ കള്ളം പറയുകയില്ല എന്ന ചെറിയ ഒരു തീരുമാനം ഞാൻ എടുത്തു.

പിറ്റേദിവസം ജോലിക്കു പോയപ്പോൾ ഗേറ്റ്പാസ് കൊടുക്കുന്നിടത്തെ ചേട്ടനോട് എനിക്ക് കുറച്ചു ചില്ലറതരാമോ എന്നു ചോദിച്ചു. സിസ്റ്റർക്ക് എത്രരൂപയ്ക്ക് ചില്ലറവേണമെന്ന് ചോദിച്ചുകൊണ്ട് ആ ചേട്ടൻ എനിക്ക് 1 രൂപയുടെയും 50 പൈസയുടെയും കുറേ ചില്ലറ തന്നു. അന്നു ഡ്യൂട്ടികഴിഞ്ഞ് ബസിൽ തിരിച്ചു വരുമ്പോൾ എന്റെ കൂടെ ജോലിചെയ്യുന്ന ഒരു സുഹൃത്ത് എന്റെ അരികിൽ വന്നിരുന്നു. ഒരു പഴ്സ് നിറയെ ചില്ലറയെടുത്ത് എനിക്കു തന്നിട്ട് പറഞ്ഞു. നിന്റെ മക്കൾക്ക് സ്കൂളിൽ പോകാൻ ചില്ലറ ആവശ്യമുള്ളതല്ലേ? ഇത് ഞാൻ നിനക്ക് തരാൻ എടുത്തുവച്ചതാണ്. ആ പഴ്സിലെ ചില്ലറ ഞാൻ വാങ്ങുമ്പോൾ, തീർത്തും നിസ്സാരമായ ഈ ചില്ലറപൈസയുടെ കാര്യത്തിൽ പോലും എന്നെ കരുതുന്ന എന്റെ ദൈവത്തിന്റെ സ്നേഹം ഞാൻ അനുഭവിക്കുകയായിരുന്നു.

മക്കൾ സ്കൂൾ വിട്ടുവന്നപ്പോൾ അവരുടെ അമ്മയുടെ, 2 രൂപക്കുവേണ്ടിയുള്ള നുണയും, അതിലൂടെ ഈശോ തന്ന പാഠവും, തുടർന്നുണ്ടായ ചില്ലറയുടെ സമൃദ്ധിയും പങ്കുവച്ചപ്പോൾ അവർക്കുണ്ടായ സന്തോഷത്തിന് അതിരില്ലായിരുന്നു. ഈ സ്കൂൾ വെക്കേഷൻ ആരംഭിക്കുന്നതുവരെയും ഒരു ദിവസംപോലും എനിക്ക് ചില്ലറയ്ക്ക് ഒരു ക്ഷാമവും അനുഭവിക്കേണ്ടി വന്നിട്ടില്ല.

ഈശോയേ, ബോധപൂർവം ചെയ്യുന്ന തെറ്റുകളിൽ നിന്ന് എന്നെ മോചിപ്പിക്കണമേ; അവ എന്നിൽ വേരുറയ്ക്കാതിരിക്കുന്നതിനും അങ്ങനെ എന്നിലേക്കൊഴുകുന്ന ദൈവകൃപ തടസ്സപ്പെടാതിരിക്കുന്നതിനും എന്നെ സഹായിക്കണമേ.

*(തലശേരി ജനറൽ ആശുപത്രിയിൽ സ്റ്റാഫ് നഴ്സാണ് ലേഖിക)*

ജോബി തോമസ് എം.ടെക്ക്, കട്ടപ്പന



# പൗലോസിന്റെ മാനസാന്തരം; ക്രിസ്തു സത്യമായും ഉയിർത്തെണീറ്റോ?



*The conversion of St. Paul-1527 by artist Parmigianino*

തിരുവനന്തപുരത്തിനും കാസർകോടിനും ഇടയ്ക്കുള്ള ഇരുപത് വ്യത്യസ്ത സ്ഥലങ്ങളിൽ ഏതാനും മാസങ്ങൾ വീതം താൻ താമസിച്ചു, അവിടങ്ങളിൽ സുവിശേഷം പ്രസംഗിച്ച് ആളുകളെ മാനസാന്തരപ്പെടുത്തി, അവിടങ്ങളിൽ ക്രൈസ്തവ സഭകൾ സ്ഥാപിക്കുകയും ചെയ്തു, എന്നവകാശപ്പെട്ടുകൊണ്ട് ഒരാൾ ഒരു പുസ്തകം എഴുതി എന്നു കരുതുക. ഇയാൾ എഴുതിയത് സത്യമാണോ അല്ലയോ എന്ന് ആളുകൾക്ക് പെട്ടന്ന് പരിശോധിച്ചറിയാനാകും. കാരണം, ഇയാൾ എഴുതിയത് സത്യമാണെങ്കിൽ പുസ്തകം പ്രസിദ്ധപ്പെടുത്തിയതിനു ശേഷമുള്ള വർഷങ്ങളിൽ മേൽപറഞ്ഞ സ്ഥലങ്ങളിൽ ഇയാളാൽ മാനസാന്തരപ്പെടുത്തപ്പെട്ട മനുഷ്യരും ഇയാളാൽ സ്ഥാപിക്കപ്പെട്ട സഭകളും കാണപ്പെടും. ഇയാൾ പറഞ്ഞത് നുണയാണങ്കിൽ നൂറു വർഷത്തിനുള്ളിലെങ്കിലും ഇയാളുടെ പുസ്തകത്തിന് വ്യാപകമായ അംഗീകാരം കിട്ടാൻ പോകുന്നില്ല.

അപ്പസ്തോലപ്രവർത്തനങ്ങൾ എന്ന പുസ്തകത്തിലെ 13 മുതൽ 28 വരെയുള്ള അധ്യായങ്ങളിൽ മെഡിറ്ററേനിയൻ പ്രദേശത്തുള്ള വിവിധ പട്ടണങ്ങളിൽ പൗലോസ് സുവിശേഷം പ്രസംഗിച്ചതായും, ആളുകളെ മാനസാന്തരപ്പെടുത്തിയതായും, അവിടങ്ങളിൽ സഭകൾ സ്ഥാപിച്ചതായും രേഖപ്പെടുത്തിയിരിക്കുന്നു. രണ്ടാം നൂറ്റാണ്ട് അവസാനിക്കുന്നതിനു മുമ്പുതന്നെ അപ്പസ്തോലപ്രവർത്തനങ്ങൾ എന്ന പുസ്തകം വ്യാപകമായി അംഗീകരിക്കപ്പെടുകയും ബൈബിളിന്റെ ഭാഗമായി മാറുകയും ചെയ്തു. ഇതിൽനിന്നും പൗലോസിന്റെ മേൽപറഞ്ഞ മിഷനറിപ്രവർത്തനങ്ങൾ സത്യമാണന്ന് നമുക്ക് ഉറപ്പിക്കാമല്ലോ.

മദർ തെരേസ ഭാരതത്തിൽ വന്നതിനുശേഷമുള്ള ആദ്യത്തെ ഒരു മാസം ക്രിസ്തുമതത്തെ പീഡിപ്പിച്ചിരുന്നു എന്ന ഒരു വ്യാജാരോപണം കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് ഞാൻ മദറിന്റെ ഒരു ജീവചരിത്രം എഴുതി എന്നു കരുതുക. ഒരു നൂറ് വർഷത്തിനുള്ളിലെങ്കിലും എന്റെ പുസ്തകം ഭാരതീയക്രൈസ്തവരാൽ അംഗീകരിക്കപ്പെടാൻ പോകുന്നില്ല. അപ്പസ്തോലപ്രവർത്തനങ്ങൾ എന്ന പുസ്തകത്തിൽ പൗലോസ് ആരംഭകാലത്ത് ക്രിസ്തുമതത്തെ പീഡിപ്പിച്ചിരുന്നതായി കുറഞ്ഞത് ആറ് സ്ഥലങ്ങളിലെങ്കിലും പ്രസ്തുത ഗ്രന്ഥത്തിന്റെ കർത്താവായ ലൂക്ക രേഖപ്പെടുത്തിയിരിക്കുന്നു. ഇതു നുണയാണങ്കിൽ ഈ പുസ്തകം പൗലോസ് എന്ന മഹാനായ മിഷനറിക്കെതിരെ വ്യാജരോപണം ഉൾക്കൊള്ളുന്ന ഒന്നാണ്. ആദ്യനൂറ്റാണ്ടുകളിലെങ്കിലും ക്രൈസ്തവരാൽ അത് അംഗീകരിക്കപ്പെടാൻ പോകുന്നില്ല. എന്നാൽ അപ്പസ്തോലപ്രവർത്തനങ്ങൾ രണ്ടാം നൂറ്റാണ്ടിൽ തന്നെ വ്യാപകമായി അംഗീകരിക്കപ്പെടുകയും ബൈബിളിന്റെ ഭാഗമായി മാറുകയും ചെയ്തു. ഇതിൽ നിന്നും പൗലോസിന്റെ മതപീഡനം സത്യമാണെന്ന് വ്യക്തമാണല്ലോ.

പൗലോസ്, പണ്ഡിതനും വളരെ ബുദ്ധിമാനുമായ ഒരു വ്യക്തിയായിരുന്നു എന്ന് ഇദ്ദേഹത്തിന്റെ ലേഖനങ്ങൾ, പ്രത്യേകിച്ച് റോമാ, ഗലാത്തിയാ, എന്നിവ വായിക്കുന്ന ഏതൊരാൾക്കും മനസ്സിലാക്കാവുന്നതേയുള്ളൂ. യേശുവിന്റെ ക്രൂശുമരണം അരങ്ങേറിയ അതേ സ്ഥലത്തും അതേ കാലത്തും ജീവിച്ചിരുന്ന ബുദ്ധിമാനായ ഈ ഫരിസേയ യഹൂദ നിയമപണ്ഡിതൻ എങ്ങനെ ക്രിസ്തുമതത്തിന്റെ പീഡകന്റെ സ്ഥാനത്തുനിന്ന് ആ മതത്തിന്റെ ഏറ്റവും വലിയ വക്താവായി മാനസാന്തരപ്പെട്ടു! യേശുവിന്റെ ഉയിർപ്പിനെ മാറ്റിനിർത്തിക്കൊണ്ട് പൗലോസിന്റെ മാനസാന്തരം നമുക്ക് വിശദീകരിക്കാനാവില്ല.

**ലേഖനം**

ഫാ. ജോസഫ് അരാശ്ശേരി

# സ്ത്രീ വീടിനു വിളക്ക്



സർവ നന്മയായ സർവേശ്വരാ, അങ്ങ് മനുഷ്യനെ സൃഷ്ടിച്ചു. മനുഷ്യന്റെ തെളിവാർന്ന ചിന്തകളാൽ ലോകം വളർച്ചയുടെ പടവുകൾ കയറണം. അവന്റെ സ്നേഹത്താൽ ഭൂമി സമാധാനഗോളമാകണം. ഭൂമിയാകുന്ന ശാന്തിഗോളത്തിൽ മനുഷ്യൻ ഒന്നിച്ചു വളരണം. നീതിയുടെ നിറവുള്ള ഭൂതലത്തിൽ ആവശ്യങ്ങളിൽ ഞെരുങ്ങുന്ന ഒരു ഉറുമ്പുപോലും ഉണ്ടാകരുതേ, ഓ ദൈവമേ, ഇതായിരുന്നില്ലേ പ്രപഞ്ചത്തെ



സ്യഷ്ടിക്കുന്നതിനു മുൻപ് അങ്ങയുടെ ആഗ്രഹം. സമൃദ്ധിയിൽ തിളങ്ങുന്ന ഭൂമി യെയല്ലേ അങ്ങ് മുൻമ്പിൽ കണ്ടത്. ഈ മനോഹര സ്വപ്ന സാക്ഷാത്കാരത്തിനല്ലേ അങ്ങ് മനുഷ്യനെ സൃഷ്ടിച്ചത്., മാത്രമോ, ഈ സ്വപ്നം തികച്ചും യാഥാർഥ്യമാക്കു വാൻ അങ്ങ് മനുഷ്യനെ സ്ത്രീയും പുരുഷ നുമായി സൃഷ്ടിച്ചു. അതിനാൽ സ്ത്രീയും, പുരുഷനും പരസ്പരം പൂരകങ്ങളായി. അവർ ഇനി ഭൂമിയെ ഒരു മനസ്സും, ഹൃദയ വുമായി സർവ ഐശ്വര്യത്തിന്റെയും ഇട മാക്കണം. ഇണയും തുണയുമാകാൻ നിയോഗം കിട്ടിയ സ്ത്രീയും, പുരുഷനും പാരസ്പര്യത്തിന്റെ പ്രതീകങ്ങളാണ്. ഒന്നി പ്പിന്റെ മഹാബലത്തിൽ സഹകരിച്ച്, സമു ദ്ധാരണത്തിന്റെ മന്ത്രം ഓതി ഭൂമിയെ അഭി വൃദ്ധിയിലേക്ക് സ്ത്രീയും, പുരുഷനും നയിക്കണം. അങ്ങനെ അവർ പാരസ്പ ര്യത്തിന്റെ ജീവിക്കേണ്ട പ്രതീകമാകണം. തിളക്കമാർന്ന ഈ മഹാ പ്രതീകത്തിൽ നിന്നല്ലേ പാരസ്പര്യത്തിന്റെ സന്ദേശം പ്രപഞ്ചം സ്വീകരിക്കുന്നത്. അങ്ങനെ ഈ പ്രപഞ്ചം പരസ്പര സ്നേഹത്തിലും സഹ കരണത്തിലും അധിഷ്ഠിതമാകണം. ഈ ലക്ഷ്യം നേടിയെടുക്കുവാനാണ് മനുഷ്യൻ വിളിക്കപ്പെട്ടിരിക്കുന്നത്. ഇത്ര ഉന്നതമായ വിളി കിട്ടിയിരിക്കുന്ന സ്ത്രീയും, പുരുഷനും ശത്രുക്കളെപ്പോലെ ജീവിക്കുന്നത് കണ്ടാൽ ജന്തുക്കൾക്കും ലജ്ജ തോന്നില്ലേ.

പരസ്പരാകർഷണത്താലാണ് ആകാശഗോ ളങ്ങളിൽ നീതി നില്ക്കുന്നത്. സത്യങ്ങളെ ആശ്രയിച്ച് ജന്തുക്കളും മനുഷ്യരും ജീവിക്കു ന്നു. സസ്യങ്ങളും, ജന്തുക്കളും മനുഷ്യരും പഞ്ചഭൂതങ്ങളെ ആശ്രയിക്കുന്ന പരസ്പ രാശ്രയത്തിലാണ് പ്രപഞ്ചം മുന്നേറുന്നത് പരസ്പര സഹകരണമാണ് പ്രപഞ്ചത്തിന്റെ ശക്തി. ഈ പ്രപഞ്ചത്തിൽനിന്ന് മനുഷ്യൻ ബോധപൂർവം സ്വീകരിക്കുന്ന നിയമം സഹ കരണത്തിന്റെതാണ്. ഇതേ നിയമമാണ് പരസ്പരം സ്നേഹിക്കുവിൻ എന്നു പറഞ്ഞു കൊണ്ട് ദൈവം മനുഷ്യനു നല്കുന്ന സ്നേ ഹത്തിന്റെ കല്പന – ഈ നിയമം നടപ്പിലാ ക്കാനാണ് ദൈവം മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചത്. ഈ നിയമം മനുഷ്യൻ ലംഘിച്ചാൽ പ്രപഞ്ചം ദുരിത ദുരന്തങ്ങളിലേക്ക് വീണുപോകും. ദൈവമേ അങ്ങയുടെ ജ്ഞാനവും സ്നേഹവും നല്കി മനുഷ്യനെ അങ്ങ് പ്രബുദ്ധനാക്കണമേ.

അല്ലെങ്കിൽ മനുഷ്യൻ കാലാവസ്ഥ വ്യതി യാനത്തിലൂടെ വലിയ ദുരന്തങ്ങൾക്ക് അടി മയാകും. അത്യാർത്തിയോടെ മണ്ണെടുത്തും മണൽ വാരിയും വനം നശിപ്പിച്ചും മനുഷ്യൻ ഭൂമിയെ ജനവാസയോഗ്യമല്ലാതാക്കും. സുഖ ലോലുപത, മദ്യപാനാസക്തി എന്നിവ മനു ഷ്യനു ഒരു കെണിയായി അവൻ എയ്ഡ്സ് രോഗിയോ ക്യാൻസർ രോഗിയോ ആയി നശിക്കും.

മഹാ പ്രഭോ, സ്നേഹം കൊതിക്കുന്ന മനു ഷ്യൻ എന്തുകൊണ്ടാണ് സ്നേഹിക്കാൻ മടിക്കുന്നത്. എന്തുകൊണ്ടാണ് ആഗ്രഹി ക്കാത്ത തിന്മചെയ്യാൻ മനുഷ്യൻ മുതിരു ന്നത്. അമ്മയായി ആദരിക്കേണ്ട സ്ത്രീയെ എന്തുകൊണ്ടാണ് വേശ്യയായി കാണുന്നത്.

സ്ത്രീത്വം ഭൂമിക്കു കിട്ടിയ വരദാനമാണല്ലോ. അവൾ ഭാരംപേറുന്ന പുരുഷന്റെ പങ്കാളിയും സാന്ത്വനവുമല്ലേ. സ്ത്രീ ഭൂമിയിലെ ശാലീന സൗന്ദര്യമല്ലേ, ഭൂമിയെ പുഷ്പിണിയാക്കാൻ അധ്വാനിക്കുന്ന ധീരന്മാരുടെ അമ്മയല്ലേ സ്ത്രീ. അവൾ വീട്ടിൽ വിളക്കല്ലേ, പുല്ലിലും, പൂവിലും മണ്ണിലും മാനത്തും, ചേതനയിലും അചേതനയിലും ഈശ്വരനെ ദർശിക്കുന്ന നമ്മുടെ സംസ്ക്കാരം എങ്ങനെ സ്ത്രീപീ ഡനവും, ബലാൽസംഗവും സഹിക്കും. സ്ത്രീയെ ഭോഗവസ്തുവായി കാണാൻ ന മുക്ക് എങ്ങനെ കഴിയും?

മക്കളെ പെറ്റു വളർത്തുന്ന സ്ത്രീയോടു കാണിക്കുന്ന ക്രൂരത സമൂഹത്തോടു കാണിക്കുന്ന ക്രൂരതയാണ്. സമൂഹത്തോടും സ്ത്രീയോടും കാണിക്കുന്ന ക്രൂരതക്ക് കടിഞ്ഞാണിടണം. അല്ലെങ്കിൽ അരാജക ത്വവും ധാർമികഅധ:പതനവും രാജ്യത്തെ തകർക്കും. സർവേശ്വരാ, ധാർമിക ബോധം നല്കി നാടിനെ അനുഗ്രഹിച്ചാലും.

ലിജോ ഫ്രാൻസിസ്, ഡൽഹി ഫുൾടൈമർ

# ദിവ്യകാരുണ്യമേ നവ്യസ്നേഹമേ...



21-ാം ബാച്ച് ഫുൾടൈം വൊളന്റിയേഴ്സ് ട്രെയിനിങ് കഴിഞ്ഞ് ആൽഫാ പാസ്റ്ററൽ സെൻട്രലിൽ നിന്നു പടിയിറങ്ങുമ്പോൾ മനസ്സുനിറയെ ദൈവരാജ്യത്തെക്കുറിച്ചുള്ള ഒരുപാടു സ്വപ്നങ്ങളും മിഷൻയാത്രകളുമായിരുന്നു. ഹിന്ദിയറിയാത്ത നഗരത്തിന്റെ മായക്കാഴ്ചകൾ കണ്ടു ശീലമില്ലാതിരുന്ന ഒരു സാധാരണ പെൺകുട്ടി, എന്നാൽ എന്റെ ദൈവത്തിന്റെ പദ്ധതി എത്രയോ വലുതായിരുന്നു. ദൈവം പേരെടുത്തെന്നെ വിളിക്കുകയും ഈ ഒരു വർഷം മുഴുവൻ അവനോടൊത്തായിരിക്കുവാൻ എന്നെ അനുഗ്രഹിക്കുകയും ചെയ്തു. ഡൽഹിയിൽ വന്നിറങ്ങുമ്പോൾ ദൈവം എന്നെ കൊണ്ടുവന്നത് ഭൂമിയിലെ ഒരു സ്വർഗത്തിലേക്കാണെന്നെനിക്കറിയില്ലായിരുന്നു. ഡൽഹി ജീസസ് യൂത്ത് ഹൗസിലെ ഓരോ നിമിഷവും ദിവ്യകാരുണ്യസ്നേഹത്താൽ ദീപ്തമായാണ് അനുഭവപ്പെട്ടത്.



എന്റെ ഫുൾടൈമർഷിപ്പിലെ ഓരോ ദിവസവും ദിവ്യകാരുണ്യത്തിന്റെ തണലിലായിരുന്നു. ആദ്യത്തെ ഒന്നു രണ്ടു മാസങ്ങൾ കൊണ്ടുതന്നെ ലോകം ഭയഭക്തിയോടെ കാണുന്ന ദിവ്യകാരുണ്യനാഥൻ എന്റെ കളിക്കൂട്ടുകാരനായി, ആത്മനാഥനായി മാറിക്കഴിഞ്ഞിരുന്നു. ശരിക്കും ഈശോയെ ഞാൻ സ്നേഹിക്കാൻ തുടങ്ങിയിരുന്നു. അവൻ എന്നെയും. ആയിടയ്ക്കാണ് വി.കൊച്ചുത്രേസ്യായുടെ പുണ്യജീവിതത്തെക്കുറിച്ച് പലരും എന്നോടു പറഞ്ഞുതന്നത്. പിന്നീടെനിക്കൊരു വാശിയായിരുന്നു. കൊച്ചുത്രേസ്യയേക്കാളധികം എനിക്കീശോയെ എന്തുകൊണ്ട് സ്നേഹിച്ചുകൂടാ? തുടർന്ന് ചാപ്പലിൽ എന്തു ചെയ്താലും എന്റെ ഹൃദയം അവനോടുള്ള സ്നേഹത്തെപ്രതി തുടിക്കുമായിരുന്നു. ഈശോയുടെ കൊച്ചുതൂവാലകൾ കഴുകുമ്പോൾ, അവിടുത്തെ മുൻപിൽ തിരികൾ തെളിക്കുമ്പോൾ, എല്ലാം എന്റെ ഹൃദയം ദൈവസ്നേഹം കൊണ്ട് പൊട്ടിത്തകർന്നുപോകുന്ന അനുഭവമായിരുന്നു. അത്രയ്ക്കും ഞാനും എന്റെ ഈശോയും ഒന്നായിത്തീർന്നിരുന്നു. ഈശോയുടെ കുഞ്ഞുമറിയാമ്മേന്ന് ഡൽഹിയിലെ ചേട്ടൻമാരും ചേച്ചിമാരും എന്നെ വിളിക്കുമ്പോൾ ഞാനെത്രമാത്രം സന്തോഷിച്ചിരുന്നുവെന്ന് എന്റെ ഈശോയ്ക്കും എനിക്കും മാത്രമേ അറിയൂ.

എന്റെ ഈശോ എന്നെ കരുതുന്ന, സ്നേഹിക്കുന്ന ധാരാളം സംഭവങ്ങൾ ഈ വർഷം തന്നെ ഉണ്ടായിട്ടുണ്ട്. അതിലൊരെണ്ണം, ദിവ്യകാരുണ്യസ്നേഹം ഞാനാദ്യമായി തിരിച്ചറിഞ്ഞ നിമിഷമായിരുന്നു.

**2012 ജൂലൈ 2**

ഡൽഹി ജീസസ് യൂത്ത് ഹൗസിന്റെ 8-ാമത് വാർഷികാഘോഷമായിരുന്നു, അന്ന് വൈകുന്നേരം 6 മണിക്ക് ആർച്ച്ബിഷപ് ഹൗസിൽ വരുന്നുണ്ട്. അതിന്റെ ഒരുക്കങ്ങളിലായിരുന്നു എല്ലാവരും. വി.കുർബാനയ്ക്കു വൈകുന്നേരം പോകാമെന്നുകരുതിയാണ് ഞാനിരുന്നത്. എന്നാൽ ആ ദിവസം വൈകുന്നേരം കുർബാനയില്ലായിരുന്നു. പിതാവു ഹൗസിൽ വരുമ്പോൾ ഞാൻ പുറത്തു കുർബാനയ്ക്കു പോകുന്നത് ശരിയല്ലല്ലോ. എനിക്കെന്താണ് ചെയ്യേണ്ടതെന്ന് ഒരു രൂപവുമില്ലായിരുന്നു. ഞാൻ നോക്കുമ്പോൾ എല്ലാവരും നല്ല തിരക്കിലാണ്. എന്റെ സങ്കടം ആരോടു പറയണമെന്നെനിക്കറിയില്ല. ആ സമയത്താണ് ചാപ്പലിൽ കയറി പ്രാർഥിക്കാമെന്നു കരുതി അകത്തു ചെന്നത്.

ദിവ്യകാരുണ്യ ഈശോയെ കണ്ടമാത്രയിൽ എന്റെ സങ്കടം മുഴുവൻ കണ്ണുനീരായി ഒഴുകി. എനിക്കു വി.കുർബാനയ്ക്കു പോകണം ഇശോയെ... എന്നു മാത്രമേ എന്റെ നാവിൽ നിന്നാനേരം വന്നുള്ളൂ. ഞാൻ പൊട്ടിക്കരയുകയായിരുന്നു. പെട്ടെന്ന് ചാപ്പലിൽ വലിയൊരു തിരക്ക്. ഞാൻ തിരുഞ്ഞുനോക്കിയപ്പോൾ പിതാവ് വന്നിട്ടുണ്ട്. അല്പനേരം പ്രാർഥിച്ചിട്ട് അദ്ദേഹം ചാപ്പലിൽ നിന്നുമിറങ്ങിപ്പോയി. ഞാൻ ഈശോയെ ഒന്നു നോക്കി മറുപടിയൊന്നുമില്ലായിരുന്നു. ആ സമയത്താണ് ഒരു ചേച്ചി എന്റെയടുത്ത് വന്നു പറഞ്ഞത്, പെട്ടെന്ന് കുർബാനക്കെടുത്തുവയ്ക്കണം, പിതാവിന് കുർബാന ചൊല്ലാൻ ആഗ്രഹമുണ്ടെന്ന് പറഞ്ഞുവത്രേ! ആ നിമിഷം എനിക്കുണ്ടായ സന്തോഷം അനിർവചനീയമായിരുന്നു. എന്റെ ചെറിയ ആഗ്രഹത്തിനുവേണ്ടി പിതാവിന്റെ പ്രോഗ്രാം ഷെഡ്യൂൾ മുഴുവൻ തിരുത്താൻ ഈശോ തിരുമനസ്സായി. പ്രാർത്ഥിച്ചു തീരുംമുമ്പേ ഞാനവരുടെ പ്രാർത്ഥന കേൾക്കും. വിളിക്കും മുമ്പേ ഞാനവർക്കുത്തരമരുളും എന്ന വചനം അന്വർഥമായി.

ദിവ്യകാരുണ്യ സന്നിധിയിൽ സകല മാലാഖമാരോടും കൂടെയിരുന്ന് ഈശോയെ ശുശ്രൂഷിക്കാൻ നല്ല ദൈവം എനിക്കവസരമൊരുക്കി. ദുർഘടമായ പാതകളും ചൂടും തണുപ്പുമേറ്റുള്ള യാത്രകളും സ്വപ്നം കണ്ട് മിഷൻയാത്രയ്ക്കിറങ്ങിയ എന്നെ ഈശോ ദിവ്യകാരുണ്യത്തിന്റെ തണലിലിരുത്തി സ്നേഹിക്കാൻ പഠിപ്പിച്ചു. പ്രാർഥിക്കാൻ പഠിപ്പിച്ചു. ദിവ്യകാരുണ്യത്തിന്റെ ജലവും വളവും നല്കി എന്നെ വളർത്തി. ഇപ്പോഴും ആ നല്ല നിമിഷങ്ങൾ ഓർക്കുമ്പോൾ ഞാനറിയാതെ പാടും...

ദിവ്യകാരുണ്യമേ, നവ്യസ്നേഹമേ...

*(ഡിഗ്രി പഠനത്തിനുശേഷം ഒരുവർഷം ഫുൾടൈം മിഷൻ പ്രവർത്തനം നടത്താൻ അവസരമൊരുക്കുന്നതാണ് ജീസസ് യൂത്തിന്റെ ഫുൾടൈമർഷിപ് പ്രോഗ്രാം)*

facebook
കെയ്റോസ് വിശേഷങ്ങൾ
ഓരോദിവസവും അറിയാനും
വിവിധ പ്രവർത്തനങ്ങളിൽ പങ്കുചേരാനും
**facebook.com/Readkairos**
ലൈക്ക് ചെയ്യുക.





## ജോലിയിൽ എങ്ങനെ വിജയം നേടാം

**സെബിൻ എസ് കൊട്ടാരം**
**ജോബിൻ എസ് കൊട്ടാരം**

ജോലിയിൽ കൂടതൽ ഉയർച്ച നേടാൻ സഹായിക്കുന്ന ഈ ഗ്രന്ഥം വായനക്കാർക്ക് ഒരു മുതൽ കൂട്ട് തന്നെയാണ്.

**വില– 99 രൂപ**

വിതരണം
ഡോൾഫിൻ ബുക്ക്സ് ഇൻഡ്യ, മലക്കുന്നം, കോട്ടയം
പിൻ 686535, ഫോൺ 94478 74887




## വിശുദ്ധ കുർബാന


*സ്നേഹത്തിന്റെ ഉറവയും ഉറവിടവും*

**സി. ഒ. ജേക്കബ് ചേലിപ്പള്ളിൽ**

വിശുദ്ധകുർബാനയെക്കുറിച്ച് ലളിതമായി മനസ്സിലാക്കാൻ പര്യാപ്തമായ ഗ്രന്ഥം

**വില– 70 രൂപ**

വിതരണം
മാർ ലൂയിസ് ആർട്സ് & ബുക്ക് സെന്റർ, ബ്രോഡ്‌വേ, എറണാകുളം
പിൻ 682031 ഫോൺ 0484 2352110




## ദൈവത്തെ തേടുന്ന കുട്ടി

സ്നേഹം മാത്രമായ ദൈവം ആദത്തെയും ഹവ്വയെയും ഇത്രയും ശക്തമായി ശിക്ഷിച്ചതെന്തുകൊണ്ട്?

പക്ഷേ, ആരാണ് പറഞ്ഞത് ദൈവം അവരെ ശിക്ഷിച്ചു എന്ന്.

ചില സംശയങ്ങളുമായി കിടന്നുറങ്ങിയ മൈക്കിളിന് സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട ഈശോ അവന്റെ ചോദ്യങ്ങൾക്കെല്ലാം അവനു മനസ്സിലാകുന്ന ഭാഷയിൽ മറുപടി പറയുകയാണ്.

കോട്ടയം സ്വദേശി ജോർജ് എട്ടുപറയിൽ, ഫാ. മാത്യു വെള്ളാനിക്കലിന്റെ ആമുഖത്തോടെ പുറത്തിറക്കിയിരിക്കുന്ന 'എ ചൈൽഡ് ഇൻ സേർച്ച് ഓഫ് ഗോഡ്' എന്ന പുസ്തകത്തിലാണിതുള്ളത്. വർണ ചിത്രങ്ങളും, ആകർഷമായ അച്ചടിയും, മനോഹരമായ കവറുമൊക്കെ കുട്ടികൾക്കുവേണ്ടിയുള്ള പുസ്തകമെന്ന തോന്നലുളവാക്കുമെങ്കിലും, എളുപ്പത്തിൽ വായിക്കാവുന്ന പുസ്തത്തിലെ ആശയങ്ങൾ മുതിർന്നവർക്കും ഏറെ പ്രസക്തം.

**വില. 120 രൂപ**

സന്ദർശിക്കുക.
www. kottayamflowers.com അല്ലെങ്കിൽ വിളിക്കുക: 99467 15454

ഡോ. സൂസി ജോസ്





# ജീവിതവിജയം നേടാൻ ആരെയും പരാജയപ്പെടുത്തേണ്ട

പഠനത്തിലും ജീവിതത്തിലെ മറ്റെല്ലാ മേഖലകളിലും ഞാനൊരു പരാജയമാണ്. എന്റെ സമപ്രായക്കാരായ കുട്ടികൾ ജീവിതവിജയം കരസ്ഥമാക്കുന്നതും ആനന്ദപൂർണമായ ജീവിതം നയിക്കുന്നതുമൊക്കെ കാണുമ്പോൾ എനിക്കു പകയും അസൂയയുമൊക്കെയാണ്. അവരെ നശിപ്പിക്കാൻ കൂടോത്രവും മന്ത്രവാദവുമൊക്കെ ചെയ്താലോ എന്ന ചിന്തയാണെനിക്ക്. ഞാൻ ഏതുവഴിക്കാണ് മുൻപോട്ടു പോകുന്നത് എന്ന് ചിന്തിക്കുമ്പോൾ ചിലപ്പോഴെനിക്ക് ഭയമാകുന്നു. ചേച്ചിക്ക് എന്നെയൊന്നു സഹായിക്കാനാകുമോ?

തന്റെ നീറുന്ന പ്രശ്നങ്ങൾ ആരോടെങ്കിലും ഒന്നു പങ്കുവയ്ക്കുക എന്ന ഉദ്ദേശ്യത്തോടെ ഒരനിയൻ നടത്തിയ ടെലിഫോൺ സംഭാഷണത്തിനിടയിൽ ചോദിച്ച അനേകം ചോദ്യങ്ങളിൽ ഒന്നാണിത്. കൂടോത്രവും മന്ത്രവാദവും ഓജോബോർഡും, ബ്ലാക്ക്മാസും ഒക്കെ സൂത്രത്തിൽ വിജയം നേടാനായി ഉപയോഗിക്കുന്ന ഒരുപറ്റം ആളുകളുടെ ഒരു പ്രതിനിധിയാണിവൻ. തന്റെ സഹോദരനോ അയൽക്കാരനോ, സുഹൃത്തോ ഒക്കെ ജീവിതവിജയം നേടുന്നതുകാണുമ്പോഴുണ്ടാകുന്ന വിദ്വേഷം, ഏതുവിധേനയും അവനെ ഇല്ലാതാക്കണം എന്ന ചിന്തയിലാണ് ഇക്കൂട്ടരെ എത്തിക്കുക. ആധുനിക കായേന്മാരാണിവർ. ഇവരിലാരെങ്കിലും ഇതുവായിക്കാനിടയായാൽ ഒരു പുനർവിചിന്തനത്തിന് ഈ മറുപടി കാരണമായേക്കാം എന്ന ചിന്തയാണ് ഇത് തയാറാക്കുമ്പോൾ എനിക്കുള്ളത്.

ഈ ചോദ്യത്തിൽ തന്നെ ഇതിനുള്ള ഉത്തരവും മറഞ്ഞിരുപ്പുണ്ട്. എന്തുകൊണ്ട് എന്റെ ജീവിതം ഒരു പരാജയമാണ് എന്നാദ്യം ചിന്തിക്കുക വിജയം കൈയെത്തിപിടിക്കാവുന്ന ദൂരത്തുണ്ടായിട്ടും എനിക്കതിനാവുന്നില്ല. കാരണം സ്വയം വിജയിക്കാനല്ല നിങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. പകരം ഏതുവിധേനയും വിജയത്തിലെത്തി നിൽക്കുന്നവനെ ഇല്ലാതാക്കാനാണ് മനസ്സാഗ്രഹിക്കുന്നത്. അതിന് സാത്താനെയും അവന്റെ അനുചരന്മാരെയും കൂട്ടുപിടിച്ചിരിക്കുന്നു. 'നിന്റെ ദൈവമായ കർത്താവ് ഞാനാകുന്നു ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുത്.' എന്ന ഒന്നാം പ്രമാണം ജീവിതയാത്രയിൽ എവിടെയോ വച്ച് മറന്നു കഴിഞ്ഞിരിക്കുന്നു സഹോദരാ. ദൈവത്തെ കൂടാതെ എന്ന് യാത്ര തുടങ്ങിയോ അന്നുമുതൽ നിങ്ങളുടെ ദിശമാറിയുള്ള യാത്രയും ആരംഭിച്ചുകഴിഞ്ഞു. ദിശയറിയാതെ നടുക്കടലിൽ അകപ്പെട്ടവന്റെ ഭ്രാന്തൻ വെപ്രാളങ്ങളാണ് നിങ്ങളിപ്പോൾ കാണിച്ചുകൊണ്ടിരിക്കുന്നത്. ദൂരെ നടുക്കടലിൽ കാണുന്ന ലൈറ്റ് ഹൗസിനെ ലക്ഷ്യമാക്കി യാത്ര തുടർന്നാൽ ലക്ഷ്യസ്ഥാനത്ത് എത്താം. 'വഴിയും സത്യവും ജീവനുമായി' ഒരു പ്രകാശസ്തംഭം മുൻപേ നീങ്ങാനുള്ളപ്പോൾ എന്തിനാണ് പരാജയഭീതി?

സൃഷ്ടപ്രപഞ്ചത്തിലേക്ക് ഒന്നു നോക്കൂ. ജീവജാലങ്ങളിൽ ഒന്നുപോലും മറ്റൊന്നിനെ ഉന്മൂലനം ചെയ്തിട്ടല്ല നിലനിൽക്കുന്നത് എന്നതാണ് യാഥാർഥ്യം. അവ പരസ്പരപൂരകങ്ങളും സഹായികളുമായാണ് വർത്തിക്കുന്നത്. പ്രകൃതിക്കിണങ്ങുന്ന ദൈവോന്മുഖമായ ജീവിത ശൈലി സ്വായത്തമാക്കുന്നതുവഴി സഹോദരനെ ഇല്ലാതാക്കണമെന്ന ഹീനചിന്ത പാടേ നമ്മുടെ മനസ്സിൽ നിന്നും അകന്നു പൊയ്ക്കൊള്ളും സന്തുഷ്ടരായ നമ്മുടെ സഹോദരന്മാരെ നശിപ്പിച്ചതുകൊണ്ട് നമ്മൾ ജീവിത വിജയം നേടും എന്നു കരുതുന്നത് മൗഢ്യമാണ്. ഒരാൾ ഇല്ലാതായാൽ ആ അവസരങ്ങൾക്കൂടി തനിക്ക് ലഭിക്കും എന്നുകരുതുന്നതിൽ യാതൊരു കാര്യവുമില്ല അതൊക്കെ നമ്മുടെ മനസ്സിന്റെ അധമചിന്തകൾ മാത്രമാണ്. അതിനാൽ ദൈവാശ്രയബോധത്തോടെ, പ്രാർഥനാനിരതമായ ഒരു ജീവിതം നയിക്കുക. നമ്മുടെ മാനസിക അസ്വസ്ഥതകളും ദുർവിചാരങ്ങളും പാടേ മാറിക്കൊള്ളും അന്യരുടെ നാശത്തിനല്ല പ്രത്യുത അവരുടെ വളർച്ചയ്ക്കുവേണ്ടി നിരന്തരം പ്രാർഥിക്കുക. കാലക്രമേണ നമുക്കും നന്മവരുന്നതായി കാണാം. ദൈവം അനുഗ്രഹിക്കട്ടെ. *സൂസിചേച്ചി*



# വാർത്താവിചാരം

സണ്ണി കോക്കാപ്പിള്ളിൽ

## തങ്ങളെ പകുത്തു നൽകുന്നവർ

കഴിഞ്ഞവർഷം 5000 കോടി രൂപയോളം വിറ്റുവരവുള്ള യൂറോപ്പിലെ ലെബേറ ടെലികോം ഗ്രൂപ്പ് തങ്ങളുടെ ആസ്തിയിൽ പകുതി സുനാമി ബാധിതരായ കുട്ടികളുടെ ക്ഷേമത്തിനുവേണ്ടി നീക്കിവയ്ക്കുമെന്നു പ്രഖ്യാപിച്ചിരിക്കുന്നു (മലയാള മനോരമ സപ്ലിമെന്റ് 2013 മെയ് 5). ശ്രീലങ്കയിൽ നിന്നും അഭയാർഥിയായി ഇംഗ്ലണ്ടിലേക്കു പോയതാണ് ലെബേറ ഗ്രൂപ്പ് ചെയർമാനായിരുന്ന രതീഷ് യോഗനാഥൻ. വർഷങ്ങൾക്കുമുൻപ് സുനാമി നേർക്കാഴ്ചകൾ നേരിട്ടനുഭവിച്ചതിന്റെ ബാക്കിപത്രമാണ് ഇത്തരമൊരു തീരുമാനത്തിന്റെ പിന്നിൽ. ഇന്ന് തമിഴ്നാട്ടിലെ അഭയാർഥി ക്യാമ്പുകളിലുള്ള 16000-ഓളം കുട്ടികൾക്ക് ഭക്ഷണം നൽകുന്നത് ലെബേറ ഫൗണ്ടേഷനാണ്. രതീഷിന്റെയും പാർട്ണർമാരായ രഞ്ജിത്ത് ലിയോൺ, ഭാസ്കർ എന്നിവരുടെയും കൂടിയുള്ള കൂട്ടായ തീരുമാനമാണ് തങ്ങളുടെ ആസ്തിയുടെ പകുതി കഷ്ടപ്പെടുന്നവർക്കു നൽകുകയെന്നത്.



*രതീഷ് യോഗനാഥൻ*

ദശാംശം കൊടുക്കുന്നതുപോലും അതീവ കാരുണ്യമായി കരുതുന്നവരാണ് നല്ലൊരു വിഭാഗം ജനങ്ങളും. സ്വത്തിൽ പാതി കൊടുക്കുകയെന്നത് ഏറ്റവും വലിയ ക്രൈസ്തവ ദർശനമാണ്. 'ഒരു മൈൽ ദൂരം പോകാൻ നിന്നെ നിർബന്ധിക്കുന്നവനോടുകൂടെ രണ്ടു മൈൽ ദൂരം പോകുക' (മത്താ 5:41). ഈ രണ്ടാം മൈൽ അനുഭവം ആത്മീയ പൂർണത വരിക്കുന്നവരുടെ പ്രവൃത്തിയാണ്. സുവിശേഷം ജീവിതത്തിൽ വ്യാഖ്യാനിക്കുന്നത് ഇങ്ങനെയാണ്. യഥാർഥ സമർപ്പണം ഇതാണ്. അത് പരിത്യജിക്കലാണ്. സത്യമായിട്ടും നഷ്ടപ്പെടുത്തൽ തന്നെ. ഒരാളുടെ നഷ്ടപ്പെടുത്തൽ അനേകർക്ക് ആശ്വാസമായി ഭവിക്കുന്നു. ആസ്തിയിൽ പകുതി നൽകിയിട്ടും ബാക്കികൊണ്ട് സുഖമായി ജീവിക്കാനുണ്ടെന്ന് ലെബേറാ ഗ്രൂപ്പു പറയുന്നു.

എനിക്കു ഭൗതിക സമ്പത്ത് ഇനി വേണ്ട, ഉള്ളതു തന്നെ ധാരാളം എന്നു പറയാൻ എത്ര പേർക്കു സാധിക്കും? നിത്യജീവിതത്തിനാവശ്യമായ ധനത്തിൽ കൂടുതലുള്ളത് മറ്റുള്ളവർക്കുകൂടി അവകാശപ്പെട്ടതെന്ന ബോധ്യത്തിൽ എടുത്തു വിതരണം ചെയ്യാനുള്ള തന്റേടം കാണിക്കാൻ എത്ര പേർക്കു കഴിയും? അവിടെയാണ് ലെബേറാ ടെലികോം ഗ്രൂപ്പു നൽകുന്ന സാക്ഷ്യത്തിന് ഏറെ പ്രസക്തിയുള്ളത്.

## കേരളത്തിലെ ആദിവാസികളെ നോക്കേണ്ടത് ആരാണ്?

വനവും വനവിഭവങ്ങളും സ്വന്തമാണെന്നു കരുതി കാത്തുസൂക്ഷിച്ചിരുന്നവരാണ് ആദിവാസികൾ. തലമുറകളായി ജീവിച്ചുകൊണ്ടിരുന്ന സ്ഥലം ഒരുനാൾ തങ്ങളുടേതല്ലാതായി മാറുമെന്ന് അവർ സ്വപ്നേപി നിരൂപിച്ചിട്ടില്ല. ഉടമസ്ഥതയും അതിന്റെ നിയമങ്ങളുമൊക്കെ രൂപപ്പെട്ടുവന്ന അവസരത്തിൽ സ്ഥലം സ്വന്തമെന്നതിന്റെ കടലാസുരേഖകൾ കൈവശപ്പെടുത്താനുള്ള കൗശലമൊന്നും ആദിവാസികൾ ആർജിച്ചിരുന്നുമില്ല. പേരു സൂചിപ്പിക്കുന്നതുപോലെതന്നെ ആദിവാസികൾക്ക് ഇന്ന് ഭൂമിയുമില്ല, ജീവിക്കാൻ മാർഗവുമില്ല.

അട്ടപ്പാടിയിൽ ആദിവാസി കുഞ്ഞുങ്ങൾ പട്ടിണികിടന്നു മരിക്കുന്നുവെന്നത് കേരളം ലജ്ജയോടെ ഓർമിക്കേണ്ടതാണ്. ധാന്യങ്ങൾ സൂക്ഷിക്കാൻ ഗോഡൗണില്ലാതെ നശിപ്പിച്ചുകളയുന്ന നാട്ടിലാണിതെന്നതോർക്കണം. ഓരോ നേരവും എന്തൊക്കെ തിന്നണമെന്നറിയാതെ അതീവ ധാരാളിത്തത്തിൽ ജീവിക്കുന്നവർ ഇവിടെയുണ്ട്. തീരെ പാവപ്പെട്ടവർക്ക് സർക്കാരിന്റെ സൗജന്യ ധാന്യവിതരണവും നടപ്പിലാക്കിയിട്ടുണ്ടെന്നു പറയുന്നു. ശതകണക്കിനു കോടി രൂപ ആദിവാസികളുടെ ക്ഷേമത്തിനായി കേന്ദ്രഗവർമെന്റ് ഫണ്ട് അനുവദിച്ചിട്ടുണ്ട്. അതിൽ കുറെയൊക്കെ ചെലവഴിക്കുന്നുമുണ്ട്. പക്ഷേ, അവരുടെ പക്കലേക്ക് ഇതൊന്നും എത്തിച്ചേരുന്നില്ലയെന്നതാണു സത്യം. പലയിടങ്ങളിലും ആദിവാസികൾക്കു ഭവനനിർമാണത്തിന് ഗവർമെന്റ് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെങ്കിലും അതൊന്നും ഫലവത്തായിട്ടില്ല. സമയബന്ധിതമായി അവ പൂർത്തീകരിക്കുന്നില്ലെന്നു മാത്രമല്ല,


താമസയോഗ്യവുമല്ല. ചോർന്നൊലിക്കുന്ന വീടുകൾ നിർമിച്ചു നൽകിയവർക്ക് എന്തു ശിക്ഷ കൊടുത്താലാണ് അധികമാവുക?

ഭൂമിയും വിഭവങ്ങളുമൊക്കെയായി നിരന്തരം ചൂഷണം ചെയ്യപ്പെടുന്ന സമൂഹമാണ് ആദിവാസികൾ. പുറത്തുനിന്നും വരുന്ന കച്ചവടക്കാർ തുടങ്ങി കുടിയേറ്റക്കാർ വരെ ഇക്കാര്യത്തിൽ പുറകിലല്ല. ആദിവാസികളെ മദ്യത്തിനും മയക്കുമരുന്നിനും ഒക്കെ അടിമകളാക്കി മാറ്റിയതിൽ ഇത്തരക്കാരുടെ പങ്കും ചില്ലറയല്ല.

എന്തു കാരണമായാലും ആദിവാസികളെ സംരക്ഷിക്കാനുള്ള ബാധ്യത പൊതുസമൂഹത്തിനുണ്ട്. നൂറ്റാണ്ടുകളായി വനം സംരക്ഷിക്കുന്നവർ അവരായിരുന്നു. ഇന്ന് ദാക്ഷിണ്യമെന്നമട്ടിൽ അപ്പക്കഷ്ണങ്ങൾ എറിഞ്ഞിട്ടു കൊടുക്കുന്നു! സമൂഹത്തിൽ ഏറ്റവും അവശരായവരെ ആശ്വസിപ്പിക്കാൻ നമുക്കു കഴിയുന്നില്ലെങ്കിൽ ക്രിസ്തു വിഭാവനം ചെയ്ത പരസ്നേഹത്തെ എങ്ങനെയാണ് നമുക്കു പ്രയോഗത്തിൽ വരുത്താൻ കഴിയുന്നത്? എന്നും പാർശ്വവത്ക്കരിക്കപ്പെടാനും അഭയാർഥികളായി കഴിയാനും വേണ്ടി മാത്രം ചിലരെ ദൈവം സൃഷ്ടിക്കുകയില്ലല്ലോ.

## ആനകളെ കാട്ടിൽ വിടുക

തികച്ചും വനത്തിൽ കഴിയേണ്ട ഒരു ജീവിയെ തന്ത്രപൂർവം കുഴിയിൽ വീഴിച്ച് തങ്ങളുടെ ആവശ്യങ്ങൾക്കുവേണ്ടി പരിശീലിപ്പിച്ചെടുത്ത് ക്രൂരത ചെയ്യുന്ന കാഴ്ചയാണ് നാം കാണുന്ന ആന'ക്കഥ' കൾ. ക്ഷേത്രങ്ങളിൽ മാത്രമല്ല, മോസ്ക്കുകളിലും ക്രിസ്ത്യൻ ദേവാലയങ്ങളിൽ പോലും ആനയെ എഴുന്നള്ളിക്കുന്ന ചടങ്ങുകൾ ഇപ്പോൾ ധാരാളമാണ്. കാടിന്റെ ശീതളിമയിൽ ജീവിതം ആസ്വദിക്കുന്ന ആനകളെ കത്തുന്ന വെയിലിൽ തിളച്ചുമറിയുന്ന ടാർ റോഡിലൂടെ നടത്തുന്ന കൊടും ക്രൂരത ഈ മിണ്ടാപ്രാണികൾ സഹിക്കുന്നത് കടുത്ത ശിക്ഷകളെ ഭയന്നാണ്. ആനകൾ നാട്ടിൽ അനുഭവിക്കുന്ന ദുരവസ്ഥകളെക്കുറിച്ച് മാതൃഭൂമി ആഴ്ചപ്പതിപ്പ് (2013 മെയ് 5) ഒരു പ്രത്യേക പതിപ്പുതന്നെ ഇറക്കിയിരിക്കുന്നു.



ഈ റിപ്പോർട്ടിൽ നിന്നും എന്തെല്ലാമാണ് നാം മനസ്സിലാക്കേണ്ടത്? ആനയെഴുന്നള്ളിപ്പുകാരും ആനക്കമ്പക്കാരും വരച്ചുകാട്ടുന്നതല്ല യഥാർഥ ആന'ച്ചന്ത'മെന്ന് തിരിച്ചറിയുന്നത് നമുക്കെങ്കിലും ആനകളുടെ ശരിയായ അവസ്ഥ മനസ്സിലാക്കാൻ പര്യാപ്തമാകും.

ഒന്നാമതായി ആന നാട്ടിൽ ജീവിക്കേണ്ട ജീവിയല്ല. വെയിൽ താങ്ങാനുള്ള ശേഷി ഇതിനില്ല. പാപ്പാന്മാരുടെ ക്രൂരമായ മർമപ്രയോഗങ്ങളെ ഭയന്നിട്ടാണ് അവ അനുസരിക്കുന്നത്. ചോറും പനമ്പട്ടയും തെങ്ങിൻ മടലുമൊന്നും ആനയുടെ ഭക്ഷണമല്ല. ആട്ടിൻ സൂപ്പും രസായനങ്ങളും കഷായങ്ങളുമൊന്നും ആനയുടെ ചികിത്സാവിധിയുമല്ല. മദപ്പാടുകൾ കാണുന്നത് ഇണയ്ക്കുവേണ്ടിയുള്ള ശരീരത്തിന്റെ പ്രകടനമാണ്. ഋതുക്കൾക്കനുസരിച്ച് 112 ഇനം ചെടികൾ ആന ഭക്ഷണമായി ഉപയോഗിക്കുന്നുണ്ട്. എങ്ങനെ നോക്കിയാലും നാട്ടിൽ ജീവിക്കേണ്ട ജീവിയല്ല ആന. ഇപ്പോൾ ചില ദേവാലയങ്ങളിൽപോലും തിരുനാൾ ചടങ്ങുകൾക്ക് ആനയെ ഉപയോഗപ്പെടുത്തുന്നത് നിർത്തൽ ചെയ്യേണ്ട കാലമായി. തടിയെടുത്തു മാറ്റാനും എഴുന്നള്ളിപ്പുകൾക്കുമായി ആനയെ ഉപയോഗിക്കാതെ എല്ലാത്തിനെയും കാട്ടിലേക്കു പറഞ്ഞുവിടണം. കാട്ടുചോലയിൽ വെള്ളം കുടിച്ചും നീരാടിയും മരങ്ങളുടെ ശീതളഛായയിൽ കിടന്നുറങ്ങിയും നൂറുകണക്കിനു തളിരുകൾ ഭക്ഷിച്ചും പരമ്പരാഗതമായി തങ്ങൾ പാലിച്ചുപോരുന്ന നിയമങ്ങൾക്കു വിധേയപ്പെടും. സ്വതന്ത്രമായി അവർ ജീവിക്കട്ടെ. കനത്ത ഇരുമ്പു ചങ്ങലയുടെ ഭാരം തീർത്ത പിൻകാലുകളിലെ വ്രണപ്പാടുകളുടെ ഭീകരത കൊണ്ടുമാത്രം അനുസരണ കാട്ടുന്ന ഇവകൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ക്രൂരതകൾ വിവരണാതീതമാണ്. ഇവയുടെ തലയിൽ മനുഷ്യന്റെ ചിന്തകളും വികാരങ്ങളും കുത്തിനിറച്ച് ഇല്ലാക്കഥകൾ മെനഞ്ഞുണ്ടാക്കി പീഡനം തുടരുകയാണ് ആനക്കമ്പക്കാരും ആരാധകരും.



# കലപില

അരുൺ ആന്റണി

മാധ്യമരംഗത്ത് വൻ മാറ്റങ്ങൾ സംഭവിക്കുന്ന കാലഘട്ടത്തിൽ വെബ്ചാനലുകൾക്ക് (ഇന്റർനെറ്റ് ചാനൽ) കൂടുതൽ പ്രചാരമേറിക്കൊണ്ടിരിക്കുന്നു. ഭാരതസഭയിൽ എന്നും വിപ്ലവകരമായ തുടക്കങ്ങൾക്ക് കാരണമായ CMI സഭ കേരളകത്തോലിക്ക സഭയ്ക്ക് പുതിയ ഒരു വെബ് ചാനൽ സമ്മാനിച്ചിരിക്കുന്നു. 'Living faith channel'. വിശ്വാസത്തിനും വിനോദത്തിനും ഊന്നൽ കൊടുക്കുന്ന ഈ വെബ്ചാനൽ ഏപ്രിൽ മാസം മുതലാണ് ഇന്റർനെറ്റിലൂടെ ആഗോള വിശ്വാസസമൂഹത്തിന് മുമ്പിലെത്തിയത്. www.livingfaithchannel.com എന്ന വെബ്പേജ് വഴിയാണ് ഈ ചാനൽ പ്രവർത്തിക്കുന്നത്.

ചാനൽ കൂടാതെ വചനാധിഷ്ഠിതമായ കത്തോലിക്കാവിശ്വാസം, പ്രാർഥനയിലടിയുറച്ച ജീവിതം എന്നീ വിഷയങ്ങളിൽ ശ്രദ്ധേയമായ ലേഖനങ്ങളും വെബ്സൈറ്റിൽ ലഭ്യമാണ്. ചിന്താവിഷയം, ഇന്നത്തെ പ്രാർഥന, പ്രചോദനാത്മകമായ ലേഖനങ്ങൾ, വചനഭാഗങ്ങൾ തുടങ്ങിയ ലിങ്കുകളും (Link) ഈ വെബ് സൈറ്റിനെ കൂടുതൽ ആകർഷകവും വിജ്ഞാനപ്രദവും ആക്കി മാറ്റുന്നു.

വിശ്വാസവർഷത്തിലൂടെ യാത്ര ചെയ്യുന്ന ഓരോ വിശ്വാസിക്കും വിശ്വാസത്തെ അറിയുവാനും വിശ്വാസം ജീവിക്കുവാനും വിശ്വാസം പങ്കുവയ്ക്കുവാനും 'Living faith channel' കാരണമാകട്ടെയെന്നു ഹൃദയപൂർവം പ്രാർഥിക്കുന്നു. മലയാളത്തിലെ മറ്റുചില സ്പിരിചൽ വെബ് ചാനലുകൾ ഇവയാണ്: www.dvnonline.org, www.shalomtv.tv/live

## ഓഗസ്റ്റ് ക്ളബ് പറയുന്നത്

ഈ വേനൽക്കാലം സമ്മാനിച്ച നല്ല സിനിമകളിലൊന്നാണ് ഓഗസ്റ്റ് ക്ളബ് എന്നു തോന്നുന്നു. പഴകിത്തുടങ്ങിയ ന്യൂജനറേഷൻ ചേരുവകൾ ആണ് സിനിമയിലെന്ന് പറഞ്ഞ് ഇതിനെ തെറ്റിധരിക്കരുത്. എക്കാലത്തും നിലനിൽക്കുന്ന, നിലനിൽക്കേണ്ട കുടുംബ മൂല്യങ്ങളാണ് സിനിമ അടിവരയിടുന്നത്. മലയാളസിനിമയുടെ അനുഗ്രഹമായിരുന്ന പത്മരാജന്റെ മകൻ അനന്ത പത്മനാഭൻ എഴുതിയ വേനലിന്റെ കളനീക്കങ്ങൾ എന്ന നോവലൈറ്റിന്റെ ചലച്ചിത്രാവിഷ്കാരമാണിത്.

എല്ലാ പ്രലോഭനങ്ങൾക്കും കീഴ്പ്പെട്ടിട്ട് അതിനെ ന്യായീകരിക്കാനായി ആയിരം തത്വം പറയുന്ന ഒരുകാലഘട്ടത്തിൽ പ്രലോഭനങ്ങൾ അതിജീവിക്കപ്പെടേണ്ടതാണ് എന്ന് റിമ കല്ലിങ്കലിന്റെ കഥാപാത്രം നമുക്ക് വ്യക്തമായി കാട്ടിത്തരികയാണ്. വിദൂരങ്ങളിലെ തിരക്കുകളിൽ മുങ്ങിത്താഴുമ്പോഴും സ്വന്തം കുടുംബത്തെ സുരക്ഷിതമായി എങ്ങനെ ഹൃദയത്തിൽ സൂക്ഷിക്കാമെന്ന് മുരളി ഗോപിയും തെളിയിക്കുന്നു. ചുരുക്കത്തിൽ സിനിമ പറയുന്നത് കുടുബംതന്നെയാണ് ഏറ്റവും പ്രധാനമെന്നാണ്. യുവ ദമ്പതിമാർക്ക് കാണാവുന്ന നല്ലൊരു ചിത്രം എന്നു പറയാം. അൽപം ഇന്റലക്ചലുമാണ്.



പിന്നെ സിനിമയിലെ ഇരട്ട അർഥങ്ങളും തമാശകളും എല്ലാം സന്ദർഭത്തോടു ചേർത്തുവയ്ക്കുമ്പോൾ തിരക്കഥാകൃത്തിനു ന്യായീകരിക്കാനായേക്കും. അതിന്റെ പേരിൽ ഓഗസ്റ്റ് ക്ളബിനെ വിധിക്കാനാകില്ല. കെ.ബി. വേണുവാണ് സംവിധാനം.